
അക്ഷര
ഡിജിറ്റൽ
ത്രൈമാസിക
അക്ഷര പബ്ലിക് ലൈബ്രറി മുഖപത്രം
ലക്കം 01 | സെപ്റ്റംബർ 2020
അരുണിലെ ദുരൂഹതകൾ
ഒരു നവ സൃഷ്ടി
ആധുനിക
ധനുഷ്കോടി അത്ഭുതങ്ങൾ
വിദ്യാഭ്യാസം





അക്ഷരോത്സവം 2020, ലൈബ്രറി 7 മത് വാർഷികം ശ്രീ. ബെന്നി ആശംസ [സിനിമാ സംവിധായകൻ] ഉദ്ഘാടനം ചെയ്യുന്നു





അക്ഷര പബ്ലിക് ലൈബ്രറി പുരസ്കാര നിറവിൽ



കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി താലൂക്ക് ലൈബ്രറി കമ്മിറ്റി നടത്തിയ ആദരിക്കൽ ചടങ്ങിൽ അക്ഷര പബ്ലിക് ലൈബ്രറിയുടെ പ്രസിഡന്റിനെ ആദരിക്കുന്നു.

അക്ഷര

ഉള്ളടക്കം

അക്ഷര പബ്ലിക് ലൈബ്രറി
കണിച്ചുകുളം
രജിസ്റ്റർ നമ്പർ 05 CNY 7613
മുഖപത്രം
ഡിജിറ്റൽ ത്രൈമാസിക
ലക്കം 01, സെപ്റ്റംബർ 2020



കവർ ചിത്രം
സുധീഷ് കെ. എസ്. മണിമല

എഡിറ്റോറിയൽ
ചീഫ് എഡിറ്റർ
അജേഷ്കുമാർ പി.ബേബി

എഡിറ്റേഴ്സ്
മായാദേവി പി.എസ്.
മനു ഗോപിനാഥൻ
ഉണ്ണികൃഷ്ണൻ എം.
ബിജിക്കുട്ടൻ

ഉപദേശകസമിതി
പി. എസ്. പ്രസാദ്
[പ്രസിഡന്റ് , അക്ഷര പബ്ലിക് ലൈബ്രറി]
പി. എം. ചാക്കോ [താലൂക്ക് ലൈബ്രറി കമ്മിറ്റി അംഗം]

മാഗസിൻ ഡിസൈൻ ഡെവലപ്പർ
സുബിൻ കെ. എസ്
[സെക്രട്ടറി ,അക്ഷര യുവജനവേദി]

വിലാസം
അക്ഷര പബ്ലിക് ലൈബ്രറി
കണിച്ചുകുളം,
മാമ്മൂട് പി. ഓ.
ചങ്ങാനാശ്ശേരി
കോട്ടയം, കേരള
686536
aksharapubliclibrary05cny7613@gmail.com

സന്ദർശിക്കുക
website
https://aksharadigitalmagazine.art.blog
OR
https://aksharadigitalmagazineonline.blogspot.com
എഴുത്തിലെ ആശയങ്ങൾ ഏഴുത്തുകാരുടേത്!

അറിയിപ്പ്!
അക്ഷര ഓൺലൈൻ മാഗസിനിലേക്ക് സാഹിത്യ സൃഷ്ടികള് അയയ്ക്കുന്നവർ ഇമെയിൽ വിലാസത്തിലോ ലൈബ്രറിയുടെ മേൽവിലാസത്തിലോ അയയ്ക്കാവുന്നതാണ്!

Email: aksharadigitalmagazine@gmail.com

Phone : 9497599459
enquiry : 7034659359

CREATED BY AKSHARA CREATIONS

സമർപ്പണം **04**

ആശംസ **05**
ഇ. എൻ. വാസു

എഡിറ്റോറിയൽ
മൂല്യങ്ങൾ പ്രതിഫലിക്കുമ്പോൾ **06**
അജേഷ്കുമാർ പി. ബേബി

കഥകൾ
അവൻ അരുൺ **07**
കെ. അജിത്കുമാർ

ഒറ്റനിറമുള്ളയൊരാൾ **22**
അജയകുമാർ എം. എൻ

ഒരപ്പൂപ്പൻ താടിപ്പോലെ **29**
പി. എസ്. പ്രസാദ്

യാത്രാവിവരണം
ഒരു ധനുഷ്കോടി ഡയറിക്കുറിപ്പുകൾ **12**
ശ്രീക്കുട്ടൻ ഹരിദാസ്

ലേഖനം
ആധുനിക വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ **17**
പി . എം . ചാക്കോ മാമ്മൂട്

ആൺകോയ്മയും
സവർണതയും സിനിമയിൽ **28**
ഉണ്ണികൃഷ്ണൻ എം.

കവിത
സൃഷ്ടി **21**
സി. ഡി . ബാബു

ഐതീഹ്യം **32**
വിസ്മി വിനോദ്

വിജ്ഞാനലോകം **33**

പാചകപംക്തി **34**
മനു ഗോപിനാഥൻ

അക്ഷര വാർത്തകൾ **35**
ലൈബ്രറി പ്രവർത്തനങ്ങൾ

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക!

ഗ്രന്ഥാലയ മഹർഷി ശ്രീ. പി. എൻ. പണിക്കർ

സമർപ്പണം



ശ്രീ . ജോൺ പാറയിൽ

കണിച്ചുകുളത്തിന്റെ മണ്ണിൽ ഒരു ലൈബ്രറി സ്ഥാപിക്കണമെന്ന ആഗ്രഹം ജോൺ പാറയിൽ സാറിനോട് പങ്കുവച്ചപ്പോൾ വളരെ സന്തോഷത്തോടെ വേണ്ട സഹായങ്ങൾ നല്കാമെന്ന് അറിയിക്കുകയും 2012 സെപ്തബർ 15- തിയതി ആലോചനയോഗം വിളിച്ചു ചേർക്കാനുള്ള തീരുമാനം അദ്ദേഹത്തെ അറിയിച്ചപ്പോൾ അന്ന് ഹർത്താൽ ദിനമായിരിന്നിട്ടു പോലും കൃത്യസമയത്തു തന്നെയോഗത്തിന് എത്തിച്ചേരുകയും വേണ്ട നിർദേശങ്ങൾ നല്കുകയും ചെയ്തു. 2013 ജനുവരി 20ന് ലൈബ്രറിയുടെ ഉത്ഘാടന സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം നല്കിയ സന്ദേശം പൊതു ഇടങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്ത് എല്ലാവർക്കും ഒത്തുചേരാനുള്ള ഇടങ്ങൾ ലൈബ്രറികൾ മാത്രമാണ്. അത് സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് അദേഹം നമ്മെ ഓർമ്മിപ്പിച്ചു.ഈ വചനങ്ങളെ ആപ്തവാക്യമായി സ്വീകരിച്ചു കൊണ്ട് അക്ഷരലൈബ്രറി ജൈത്രയാത്ര തുടരുകയാണ്. മരണം വരെ അക്ഷരലൈബ്രറിയുടെ വഴികാട്ടിയായ് നമ്മോടൊപ്പം ചേർന്നു നിന്ന അദേഹത്തിന്റെ ദീപതസ്മരണയ്ക്കു മുൻപിൽ അക്ഷര'' ത്രൈമാസിക സമർപ്പിക്കുന്നു.

സ്നേഹാദരവോടെ,
അക്ഷര ലൈബ്രറി കമ്മിറ്റി

ആശംസ



ഇ. എൻ. വാസു

സെക്രട്ടറി , താലൂക്ക് ലൈബ്രറി കമ്മിറ്റി , ചങ്ങനാശ്ശേരി

അക്ഷര പബ്ലിക് ലൈബ്രറിയുടെ മുഖപത്രമായി ആരംഭിക്കുന്ന അക്ഷര ഡിജിറ്റൽ ത്രൈമാസികയ്ക്കു എല്ലാ ആശംസകൾ നേരുന്നതിനോടൊപ്പം മറ്റ് ലൈബ്രറികളും ഇത് മാതൃകയാക്കി സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കഴിയട്ടെ. അക്ഷരയുടെ പുതിയ സംരംഭത്തിന് ചങ്ങനാശ്ശേരി താലൂക്ക് ലൈബ്രറി സെക്രട്ടറിയുടെ ആശംസകൾ.

മൂല്യങ്ങൾ പ്രതിഫലിക്കുമ്പോൾ

അക്ഷര പബ്ലിക് ലൈബ്രറി ചരിത്രനാഴികയ്ക്ക് തുടക്കം കുറിക്കുകയാണ്. ലൈബ്രറിയുടെ മുഖപത്രമായി "അക്ഷര" ത്രൈമാസികയ്ക്ക് തുടക്കം കുറിക്കുവാൻ ലൈബ്രറി കമ്മിറ്റി തീരുമാനിച്ചു. കുറേക്കാലമായി ഒരു കയ്യെഴുത്തു മാസിക തുടങ്ങണമെന്ന് ആലോചിച്ചിരുന്നുവെങ്കിലും, ചില സാങ്കേതിക കാരണങ്ങളാൽ അത് ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞില്ല.


മനുഷ്യ ജീവിതത്തിന്റെ മുമ്പിൽ ഒരു ഇടിത്തീയായി കൊറോണ നമ്മുടെ മുന്നിൽ വന്നപ്പോൾ പതറാതെ സധൈര്യം മുന്നോട്ടു പോകുവാൻ കേരള ജനതയെ നയിച്ചത് കഴിഞ്ഞകാല അനുഭവനങ്ങളാണ്. രണ്ടു പ്രളയവും, നിപ്പ വൈറസ് രോഗബാധയും നമുക്ക് ഒറ്റക്കെട്ടായി നേരിടാൻ കഴിഞ്ഞുവെന്നതും, ലോകത്തിനു മുന്നിൽ പുതുചരിത്രവഴികൾ സൃഷ്ടിക്കാൻ കാരണമായി എന്നത് തർക്കമില്ലാത്ത കാര്യമാണ്.

ഓരോ പ്രതിസന്ധിയും ഓരോ പുതിയ പാഠം നമുക്ക് സമ്മാനിക്കുന്നുവെന്നത് ചരിത്രസത്യമാണ്. കോവിഡിനോട് അനുബന്ധിച്ച് ലോക് ഡൗൺ പ്രഖ്യാപിച്ചശേഷവും എസ്എസ്എൽസി പ്ലസ്ടു പരീക്ഷകൾ നടത്തുവാൻ കഴിഞ്ഞതും ജൂൺ ഒന്നിന് തന്നെ ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ വിദ്യാഭ്യാസം നഷ്ടമാകാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും, അത്തരം സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് ബഹുജന പിന്തുണയോടുകൂടി സൗകര്യങ്ങൾ ഒരുക്കി നൽകുവാൻ കഴിഞ്ഞുവെന്നതും, കരിപ്പൂരിൽ വിമാന ദുരന്തം ഉണ്ടായപ്പോൾ എല്ലാ വേലിക്കെട്ടുകളേയും തൃണവൽക്കരിച്ചുകൊണ്ട് കൊണ്ടോട്ടിയിലെ ജനങ്ങൾ നടത്തിയ രക്ഷാപ്രവാർത്തനവും മൂന്നാറിലെ പെട്ടിമുടിയിൽ അടക്കം നടന്ന ദുരിതാശ്വാസപ്രവർത്തനങ്ങളും കേരളം കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങളുടെ മഹത്തായ പ്രതിഫലനമാണ്.

കോവിഡാനന്തരകാലം നമ്മെ ചിലത് ഓർമിപ്പിക്കുന്നു. ജാതിമത വ്യത്യാസമോ വലിയവനെന്നോ ചെറിയവനെന്നോ കുടിലിൽ താമസിക്കുന്നവരെന്നോ ആഡംബര സൗധങ്ങളിൽ താമസിക്കുന്നവരെന്നോ വ്യത്യാസമില്ലാതെയാണ് കോവിഡ് ബാധിച്ചത്. വ്യത്യാസങ്ങൾ ഒന്നുമില്ലാതെ സഹവർത്തിത്വത്തിന്റെ പുതിയ പാത വെട്ടിത്തുറക്കുവാൻ നമുക്ക് കഴിയട്ടെ.

അക്ഷര പബ്ലിക് ലൈബ്രറി കൊവിഡ് കാലമാണ് ഓൺലൈൻ മാഗസിൻ എന്ന ചിന്ത രൂപപ്പെടാൻ കാരണമായത് ഈ മാഗസിന്റെ പ്രവർത്തനങ്ങളിൽ താങ്കളുടെ അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ



അവൻ അരുൺ



കെ . അജിത്കുമാർ
സീനിയർ സൂപ്രണ്ട്
ഗവൺമെന്റ് കോളേജ് , കാര്യവട്ടം

രാത്രി വളരെ വൈകി കിടന്നതുകൊണ്ടാകും നേരം വെളുത്തത് അിറഞ്ഞിട്ടും പിന്നെയും അറിയാത്ത ഭാവത്തില് തിരിഞ്ഞും മറിഞ്ഞും കിടന്നത്. എണീക്കാൻ ആഗ്രഹമുണ്ടെങ്കിലും മനസ്സ് സമ്മതിക്കുന്നില്ല. കുറേ നേരം കൂടി കിടക്കാം. ചിന്തകൾ മനസിനൊപ്പംകൂടി. എപ്പോഴോ മൊബൈൽ കരയുന്നതുകേട്ടാണ് ഞാൻ കണ്ണുതുറന്നു നോക്കിയത്. ഉണ്ണിക്കൃഷ്ണൻ മാഷാണ് "നിങ്ങൾ എണീറ്റില്ലേ? മണി എത്രയായെന്ന് നോക്കിയോ? ആ ചെക്കൻ വന്നു പുറത്തിരിപ്പുണ്ട്", "എന്നാ ശരി", മാഷ് ഫോൺ വച്ചു. അപ്പോഴാണ് തലേ ദിവസം താമസിക്കുന്ന വീടും പരിസരവും വൃത്തിയാക്കുവാൻ ഒരാളെ വേണമെന്ന് ഞാൻ മാഷിനോട് പറഞ്ഞ കാര്യം ഓർത്തത്. ഞാൻ പെട്ടെന്ന് എണീറ്റു മുറ്റത്തെ കൽപ്പടവിൽ പത്രം വായിച്ചുകൊണ്ട് ഒരു പയ്യൻ ഇരിക്കുന്നു. ഒരു കൈയ്യിൽ പത്രവും മറുകൈയിൽ കാപ്പിയും ഉണ്ട്. "ഹാ മാഷേ, ഞാൻ രാവിലെതന്നെ വന്നു, മാഷ് ഉറങ്ങുന്നതുകൊണ്ടാണ് വിളിക്കാഞ്ഞത് ". അവന് പറഞ്ഞു. "ഹാ അതുകൊള്ളാം! എന്താ പേര്? "ഞാൻ അരുൺ". അരുൺ ഇരിക്ക് ഞാൻ ഇപ്പോൾ വരാം അകത്തേക്ക് പോകുവാൻ തുടങ്ങി. " മാഷേ" അവൻ വിളിച്ചു . "ഞാൻ ഉണ്ണിമാഷിന്റെ വീട്ടിൽ നിന്നും മൺവെട്ടിയും, പിക്കാസും എടുത്തിട്ടുണ്ട്. എന്നാൽ ഞാൻ തുടങ്ങട്ടെ പണി", "അല്ല, ഞാൻ വന്നിട്ട് പോരെ" , മാഷ് രാവിലെ റെഡിയായിക്കോളൂ, ഞാൻ തുടങ്ങാം", എങ്കിൽ ശരി അരുണേ ഞാൻ അകത്തേക്കു പോയി മുഖം കഴുകി മറ്റു പരിപാടികളിലേക്ക് കടന്നു. "ഇനി ഞാൻ നിങ്ങൾ കൂടി അറിയുവാൻ കുറച്ച് കാര്യങ്ങൾ പറയാം, അച്ഛൻ ഒരു മാഷായിരുന്നു. ജീവിതത്തിന്റെ പകുതിയിൽ തന്റെ അദ്ധ്യാപകവൃത്തി എന്നെ ഏൽപ്പിച്ച് അദ്ദേഹം വളരെ സുരക്ഷിതമായ മറ്റൊരു തീരത്തേക്ക് യാത്രപോയി അമ്മയും ഞാനും മാത്രമായി. ഒടുവിൽ അമ്മയും അച്ഛനെ തേടി യാത്രയായി. അച്ഛൻ എന്നെ ഏൽപ്പിച്ച അധ്യായനത്തിലേക്ക് തിരഞ്ഞാണ് ഞാൻ! ഈ നാട്ടിൽ എത്തിചേർന്നത്.



ഞാൻ വന്ന ഗ്രാമം നിറയെ പച്ചപ്പും മരങ്ങളും പുഴകളും നിറഞ്ഞിരിക്കുന്ന ഗ്രാമം മനോഹരമായ ഗ്രാമം. അതേ അച്ഛന്റെ കാൽപ്പാദങ്ങൾ പതിഞ്ഞ വഴിത്താരകളും വീടും ചുറ്റുപാടുകളും എല്ലാം കാണുമ്പോൾ എവിടെയോ ഒരു തേങ്ങൽ. ഞാൻ കാപ്പികുടിച്ചു പുറത്തേക്കു വന്നു. എവിടയോ മൺവെട്ടിയുടെ ഒരു ശബ്ദം കേൾക്കുന്നു. വീടിന്റെ പിന്നാമ്പുറം വൃത്തിയാക്കുന്നു. "മാഷേ മുഴുവൻ കാട് കയറിക്കിടക്കുന്നു. മാഷിന്റെ അച്ഛൻ പണ്ട് ഇവിടെ ആയിരുന്നപ്പോൾ വാങ്ങിയതാണല്ലേ ? എല്ലാം എന്നോട് ഉണ്ണിക്കൃഷ്ണൻ മാഷ് പറഞ്ഞു. അവരൊന്നിച്ച് സ്കൂളിൽ പഠിച്ച കാര്യങ്ങൾ അമ്പലത്തിൽ ഉത്സവം കാണാൻ പോയ കാര്യങ്ങൾ അരുൺ വാചാലമായി സംസാരിച്ചു. ഞാൻ അവന്റെ മുഖത്തേക്ക് നോക്കിയിരുന്നു. നല്ല ഐശ്വര്യമുള്ള മുഖം അവൻ നല്ല വൃത്തിയിലാണ് ജോലി ചെയ്യുന്നത്. "മാഷേ മുല്ല, ചെത്തി, തുളസി, പിച്ചി എല്ലാ ചെടികളും പുല്ലുകയറി ആകെ നാശമായി." "അതെ അതെ " ഞാൻ തലയാട്ടി "എല്ലാം നമുക്ക് വൃത്തിയാക്കിയെടുക്കണം . വളരെ അടുക്കും ചിട്ടയോടും കൂടി അവൻ ചെയ്യുന്നജോലി ഞാൻ ആശ്ചര്യത്തോടുകൂടി നോക്കി നിന്നു. ഉണ്ണിമാഷ് ഇങ്ങോട്ട് വരാമെന്ന് പറഞ്ഞു.

"ഇന്ന് മാഷിന്റെ ഇളയെ പെൺകുട്ടിയെ കാണുവാൻ ആരോ വരുന്നുണ്ട്. മാഷിന് രണ്ട് പെൺകുട്ടികളാണല്ലോ രണ്ടുപേരും അധ്യാപകരാണ്. ചേച്ചി എന്നെ പഠിപ്പിച്ചതാണ്. "അരുൺ ജോലിയോടൊപ്പം സംസാരിച്ചികൊണ്ടിരുന്നു. അരുൺ എത്രവരെ പഠിച്ചു. വീട്ടിൽ ആരൊക്കെ? "ഞാൻ എട്ടാംക്ലാസുവരെ പഠിച്ചു". രണ്ടാമെത്ത ചോദ്യം ഉത്തരം അറിയില്ല. ഓർമവച്ച നാൾ മുതൽ അറിയുന്ന മുഖം ഉണ്ണിമാഷിന്റെതാണ്. കൂടെ മാഷിന്റെ അച്ഛനെയും അറിയാം. മുഖത്ത് ചിരി പടർത്തിക്കൊണ്ടുള്ള നിഷ്ക്കളങ്കമായ മറുപടി. ആ മറുപടി കേട്ട് മനസ്സ് ചെറുതായൊന്നു പിടഞ്ഞു. ഭാവം മുഖത്ത് നിന്നും മാറ്റി ഞാൻ പറഞ്ഞു അരുൺ കാപ്പി കുടിക്കൂ. എനിക്ക് കുറച്ച് ജോലിയുണ്ട്. അല്പം അലക്കാനുണ്ട് പിന്നെ ഉച്ചക്ക് ഊണ് കഴിക്കേണ്ടെ ഞാൻ അകത്തേക്ക് പോയി. "മാഷേ, ഇന്ന് ഉച്ചയ്ക്ക് ഉണ്ണിക്കൃഷ്ണൻ മാഷിന്റെ വീട്ടിലാണ് ഊണ്. മാഷിന് ഇന്ന് 68 വയാസാകുന്നു. മാഷിന്റെ ജന്മദിനം മറന്നുപോയോ," " ഹോ.. ഞാൻ അതോർത്തില്ല ഇന്നലേം കൂടി പറഞ്ഞതാണ്". "മാഷ് പോയി തുണി അലക്ക്" അരുൺ പിന്നെയും ജോലിയിൽ മുഴുകി. ഞാൻ തുണികളുമായി വീടിനു തൊട്ടടുത്തുള്ള പുഴയിലേക്ക് പോയി ചെറിയ പടവുകൾ ഇറങ്ങി തുണികൾ കഴുകി.

പിന്നീട് പുഴയുടെ അരികില് നിന്നു ഒന്നു മുങ്ങികുളിച്ചു. ഇപ്പോഴത്തെ കാലത്ത് ജീവിതത്തിൽ വളരെ അപൂർവ്വ മായി കിട്ടിയ ഭാഗ്യം ഒരു തീർത്ഥത്തിൽ മുങ്ങികുളിച്ചപോലെ ശരീരവും മനസും ശുദ്ധമായതുപോലെ തിരിച്ചുവന്നു കഴുകിയ വസ്ത്രങ്ങൾ വിരിച്ചു എന്നിട്ട് മുറ്റത്തേക്ക് നോക്കി കാടുപിടിച്ചുകിടന്ന മുല്ലയും ചെത്തിയും, പിച്ചിയുമെല്ലാം വളരെ മനോഹരമായി എഴുന്നു നില്ക്കുന്നു. ഇപ്പോൾ ശരീരം ജീവൻ വച്ചതുപോലെ എന്റെ മനസ്സ് കണ്ടിട്ട് എന്നവണ്ണം അരുൺ ചോദിച്ചു. "മാഷെ ഇഷ്ടായില്ലെ" ഞാൻ ചിരിച്ചുകൊണ്ട് തലയാട്ടി." നന്നായി മാഷേ ഉച്ചയാകുമ്പോഴേക്കും എല്ലാ പണിയും തീർത്ത് ഉണ്ണിമാഷിന്റെ വീട്ടില് നിന്നും ഊണുകഴിച്ചു എനിക്ക് പോണം. വീടിനു അടുത്ത് ഒരു ടീച്ചറിന്റെ കിണറും വൃത്തിയാക്കണം പിന്നെ വൈകിട്ട് നമുക്ക് ഉണ്ണിമാഷിനെ കൂട്ടി പുഴയുടെ അക്കരെ പാടത്തിന് അപ്പുറത്തുള്ള കാവിൽ ഉത്സവം കാണാൻ പോകാം എന്തക്കൊയോ പരിപാടികൾ ഉണ്ട് ". "ശരി ആയിക്കോട്ടെ" ഞാൻ സമ്മതിച്ചു. ഉച്ചയ്ക്ക് മാഷിന്റെ വീട്ടിലെ ഊണിന് ശേഷം വൈകിട്ട് കാവിൽ ഉത്സവത്തിന് പോകാം എന്നുള്ള അരുണിന്റെ വാക്കുകേട്ട് ഞങ്ങൾ പിരിഞ്ഞു. മാഷിന്റെ മോള് രണ്ടാമത് തന്ന പായസത്തിന്റെ മാധുര്യം കണ്ണുകളിൽ നിദ്രയുടെ ഓളം വെട്ടിച്ചു. വൈകിട്ട് അരുൺ വന്നു വിളിച്ചു. ഞങ്ങൾ കാവിൽ ഉത്സവത്തിന് പോകാൻ ഇറങ്ങി ഉണ്ണിമാഷിനെ വിളിച്ചു. അച്ഛന്റെ കാലിൽ നല്ല വേദന ടീച്ചർ പൂമുഖത്ത് നിന്നു പറഞ്ഞു. ഇനി തണുപ്പടിച്ചിട്ട് അതു കൂട്ടണ്ടാ, മാഷിന്റെ അനുവാദം വാങ്ങി ഞങ്ങള് ഇറങ്ങി. പുഴ കടന്നു പാടത്തിന് അകലെയുള്ള കാവിലേക്ക്, രാത്രിയിൽ മഞ്ഞുപൊടിയുന്നു എങ്കിലും നീലാകാശത്തിന്റെ വിരിമാറിൽ പൊട്ടുകൾ പോലെ നക്ഷത്രങ്ങൾ തിളങ്ങി നിൽക്കുന്നു. പകൽപോലെ വെണ്ണിലാവ് വിരിച്ച് ചന്ദ്രൻ ചിരിതൂകി നില്ക്കുന്നു. അരുൺ എന്തക്കൊയോ പറഞ്ഞുകൊണ്ട് നടക്കുന്നു. പണ്ട് ചെറുപ്പത്തിൽ ഉത്സവത്തിന് പോയതും ആന വിരണ്ടോടിയതും എല്ലാം കേട്ടിട്ടും കേട്ടില്ലെന്നും നടിച്ച് ഞാനും നടന്നു. രാത്രി വളരെ വൈകി ആണു ഞങ്ങൾ ഉത്സവം കണ്ടു മടങ്ങിയത്.

തിരികെ വന്നു മാഷിന്റെ കൃഷിയിടത്തിൽ സമീപത്തുള്ള വലിയ ഒരു കുളത്തിന്റെ ചുറ്റുമതിലിൽ ഞാനും അവനും കിടന്നു. നീലാകാശത്തേക്ക് നോക്കി ഇവിടെ വന്നിട്ട് നാള് കുറേയായി നാട്ടില് ഒന്നു പോകണം. കുറെ ബന്ധങ്ങളുണ്ട്. ഒന്ന് കണ്ട് കേട്ട് പോരാം. വേറെ ഒന്നുമില്ല. ഞാൻ പറഞ്ഞു. മാഷ് എന്നാണ് പോകുന്നത്. അവന് വളരെ ആകാംഷയോടെ ചോദിച്ചു. പോണം, പറയാം. എനിക്ക് ഏതു നാടും ഒരുപോലെയാ മാഷേ, ബന്ധങ്ങളുമില്ല ബന്ധനങ്ങളുമില്ലാ വെറുതെ ജീവിച്ച്മരിക്കാൻ ഒരു ജന്മം. അവൻ ഉച്ചത്തിൽ ചിരിച്ചുകൊണ്ട് പറഞ്ഞു. അതുപോട്ടെ ഉണ്ണിക്കൃഷ്ണൻ മാഷിന്റെ മകൾക്ക് കല്യാണം ഒന്നും ശരിയായില്ലല്ലേ നല്ല ഒരു ബന്ധം മാഷിന്റെ മകൾക്ക് കിട്ടും. അത് എനിക്ക് ഉറപ്പാണ്. അവൻ പറഞ്ഞു. ഞാൻ വെറുതെ തലയാട്ടി. ഞങ്ങൾ എണീറ്റു. ഇന്ന് രാത്രി ഇവിടെ തങ്ങാൻ പറഞ്ഞു. വേണ്ട ഞാൻ പോണു രാവിലെ കുറെ കാര്യങ്ങളുണ്ട്. അരുൺ പെട്ടെന്ന് എണീറ്റു പോയി നിലാവിൽ അവന്റെ രൂപം ദൂരെമായുന്നത് ഞാൻ നോക്കി നിന്നു. നാലഞ്ചു ദിവസത്തെ അവധി കണക്കാക്കി അടുത്ത ദിവസം തന്നെ ഞാൻ നാട്ടിലേക്ക് യാത്രതിരിച്ചു. നാട്ടിൽ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസിച്ചു. പഴയ ബന്ധങ്ങൾ എല്ലാം പുതുക്കി.

പരിഭവങ്ങളുടെയും പരാതിയുടെയും ഒരു പ്രവാഹം ഒന്നും മനസിൽ തങ്ങിയിരുന്നില്ല. സുഹൃത്തിനോട് യാത്രപറഞ്ഞു വീണ്ടും ജോലി സ്ഥലത്തേക്ക് രാത്രിയോടെ വീട്ടിൽ തിരിച്ചെത്തി. ഉണ്ണിക്കൃഷ്ണൻ മാഷിനെ കണ്ടില്ല. മാഷിനെ അന്വേഷിച്ച് അരുൺ രണ്ട് മൂന്നു ദിവസം അവിടെ വന്നിരുന്നു. ഞാൻ അവനോട് പറയാതെയാണ് പോയത് പിന്നെ കണ്ടില്ല. നാളെ കാണാം ഞാൻ വീട്ടിലേക്ക് നടന്നു. കുളി കഴിഞ്ഞു വെറുതെ പുറത്തിരുന്നു. ഞാൻ മിണ്ടാതെ പോയതിൽ അവനു പരിഭവം കാണും. നാളെ അവനെ കാണാം. മനസിലോർത്തു. മുറ്റത്ത് നല്ല നിലാവ് ഉണ്ട്. ടീച്ചർ അപ്പുറത്ത് രാത്രിയിൽ എന്തൊക്കെയോ ചെയ്യുന്നതുകാണാം. മുല്ല മുഴുവൻ നന്നായി പൂത്തു നില്ക്കുന്നു. ചെത്തി നന്നായി ഉണർന്നു നില്ക്കുന്നു. രണ്ട് കൊച്ചു വാഴകൾ ഇലയാട്ടി നില്ക്കുന്നു. എല്ലാം അവന്റെ കൈസ്പർശം. മാഷിനറിയാമോ? ഈ ചെടികളോടും മാവിനോടും വാഴയോടുമെല്ലാം നമുക്ക് സംസാരിക്കാൻ കഴിയും നമ്മൾ പറയുന്നത് കേട്ട് അവർ തലയാട്ടും അവന്റെ വാക്കുകൾ സത്യമാണെന്ന് തോന്നി. ചെറുകാറ്റിൽ നിലാവിൽ തലയാട്ടി നില്ക്കുന്ന സസ്യജാലങ്ങൾ, കണ്ണുകളിൽ ഉറക്കം പടർന്നു. ഞാൻ ഉറങ്ങാൻ കിടന്നു. വീണ്ടും എന്തൊക്കെയോ ആലോചിച്ചുകിടന്നു.

എപ്പോഴൊ ഉറങ്ങിപ്പോയി. രാവിലെ ടീച്ചറിന്റെ, മാഷേ, മാഷേ എന്നുച്ചത്തിലുള്ള വിളികേട്ടാണ് എണീറ്റത്. ഉറക്കച്ചടവോടെ ഞാൻ ടീച്ചറിന്റെ മുന്നിൽ വന്നുനിന്നു. എന്താണ് ടീച്ചർ, മാഷേ അത് അരുണിനെപ്പറ്റി എന്തൊ ഒരു വാർത്ത രാവിലെ കേട്ടു. ടീച്ചർ വല്ലാതെ ആയി. എന്താണ് ടീച്ചർ അവനു പറ്റിയത്? ടീച്ചറിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ. ഞാൻ പുറത്തിറങ്ങി നോക്കി. ആളുകൾ ധൃതിയിൽ നടന്നുപോകുന്നു. അതെ അരുൺ എന്നും നിഴൽപോലെ പോകാറുള്ള വഴിയേ ആളുകൾ പോകുന്നു. അവരിൽ ഒരാളായി ഞാനും നടന്നുപോയി ദാ അവിടെയാണ് ആരോ കെച്ചൂണ്ടി. ഒരു പഴയ കിണർ ഞാൻ അടുത്തേക്ക് ചെന്നു. കിണറിന്റെ മരപ്പാലത്തിൽ ഒരു കയറിൽ അവൻ തൂങ്ങിയാടുന്നു. ആ മുഖത്ത് നിഷ്ക്കളങ്കമായ പഴയ പുഞ്ചിരി. ഇപ്പോഴും തുടിച്ചു നിൽക്കുന്നു. അല്ല ഇതിപ്പം എന്താ ഇങ്ങനെ? ഞാൻ കണ്ടു ശരിക്കും കണ്ടു ഞാൻ മെല്ലെ പിൻവാങ്ങി. തിരിച്ചു വീട്ടിൽ വന്നു. വീടിന്റെ പടവുകൾ കയറി കൽകെട്ടിൽ മെല്ലെ ഇരുന്നു. രാവിലെ മുല്ല പൂർണ്ണമായും വിരിഞ്ഞു തുടുത്തു നിൽക്കുന്നു. മഞ്ഞുവീണ വാഴയിലകളിൽ കൂടി തുള്ളികൾ നിലത്തേക്ക് പതിക്കുന്നു. ഞാൻ ചുറ്റും നോക്കി എവിടെ നോക്കിയാലും അവന്റെ മുഖം. എനിക്ക് കണ്ണുതുറക്കാൻ പറ്റുന്നില്ല. കണ്ണുനീർത്തുള്ളികൾ ഉരുണ്ട് കൂടി താഴേക്ക്. ഞാൻ തലകുനിച്ചിരുന്നു. ചുമലിൽ ഒരു സ്പർശം മെല്ലെ മുഖമുയർത്തി നോക്കി ടീച്ചർ .. കണ്ടുവോ? ഉം., ഞാൻ മൂളി അവൻ എന്നും രാവിലെ എന്നെക്കാണാൻ വരുമ്പോൾ ഞാൻ നല്ല ഉറക്കത്തിലായിരിക്കും. ഇന്ന് ഞാൻ അവനെ കാണാൻ ചെന്നപ്പോൾ അവൻ ഒരിക്കലും ഉണരാത്ത നിദ്രയിൽ ആയിരുന്നു. മാഷേ, ടീച്ചർ വിതുമ്പി. ഞാൻ എണീറ്റു നിന്നു. ടീച്ചർ എന്നോട് ചേർന്നു നിന്നു. ഞങ്ങളുടെ മുന്നിലൂടെആംബുലൻസ് ചീറിപ്പാഞ്ഞുപോയി. അതെ അവൻ അരുൺ ഇനി ഓർമ്മയാകുന്നു .------

തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്ന ഒരു ഗൂഢഭാഷയാണ് **മൂലഭദ്രി**. മൂലമന്ത്രികാഭാഷയെന്നും മൂലദേവീഭാഷയെന്നും കൂടി ഇതിന് പേരുണ്ട്. മലയാളത്തിലെ അക്ഷരങ്ങളേയും അക്കങ്ങളേയും പരസ്പരം മാറ്റി മറിച്ച് ഉപയോഗിച്ച് വിവക്ഷിതാർത്ഥം പരസ്യമാക്കാതെ തന്നെ ആശയവിനിമയത്തിന് ഉപയോഗിക്കുകയാണ് ചെയ്തിരുന്നത്. ചാരന്മാരിൽ നിന്നും സുപ്രധാന രഹസ്യങ്ങൾ മറച്ചു വെക്കാൻ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാർ മൂലഭദ്രി ഉപയോഗിച്ചിരുന്നു[1]. ഈ ഭാഷയിൽ എഴുതപ്പെട്ട ഓലകളും ഉണ്ട്.

ധനുഷ്കോടി ഡയറിക്കുറിപ്പുകൾ

Trip Notes Vlog



ശ്രീക്കുട്ടൻ ഹരിദാസ്

ചങ്ങാശ്ശേരിയിലെ കെഎസ്ആർടീസീ ബസ്സ്റ്റാൻഡിൽ നിന്നും തിരുവനന്തപുരത്തേക്കുള്ള സൂപ്പർ ഫാസ്റ്റ് ബസിൽ വിൻഡോ സീറ്റിൽ ഇരിക്കുകയാണ് ഞാൻ.ഈ യാത്രക്കൊരു ഉദ്ദേശമുണ്ട് . 7 വർഷത്തിനു ശേഷം ഞാൻ എന്റെ സുഹൃത്തിനെ കാണാൻ പോവുകയാണ്. അതിലുപരി, ചെറുപ്പം മുതലേ ഞാൻ പോകണമെന്ന് ആഗ്രഹിച്ചിരുന്ന ഒരു സ്ഥലത്തേക്കുള്ള യാത്ര.

ഈ വിൻഡോ സീറ്റിൽ ഇരുന്ന എന്റെ കവിളിലൂടെ തഴുകിപ്പോകുന്ന കാറ്റ് തരുന്ന അനുഭൂതി എനിക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത അവസ്ഥയാണ്. ഞാൻ വളരെ ആകാംഷഭരിതനായാണ് യാത്ര തുടർന്നത്. 2:30pm നു യാത്ര തിരിച്ച ഞാൻ തിരുവനന്തപുരത്ത് 7:30pm ന് എത്തിച്ചേർന്നു. വളരെക്കാലായി ഞാൻ കാണനാഗ്രഹിച്ചിരുന്ന എന്റെ സുഹൃത്ത് സരൺ സ്റ്റാൻഡിൽ എന്നെ കാത്തിരിക്കുകയായിരുന്നു. ഏറെ നാളത്തെ സന്തോഷം പങ്കുവച്ചു ഞങ്ങൾ ആലിംഗനം ചെയ്തു. തുടർന്നു അവന്റെ വീട്ടിലേക്ക് പോയി. വീട്ടിലെത്തി ഫ്രഷ് ആയി അവന്റെ വീട്ടുകാരോട് ഒപ്പം സമയം ചെലവഴിച്ചു. രാത്രിയിൽ കിടക്കാൻ നേരം നാളത്തെ യാത്രകളെക്കുറിച്ചുള്ള ചിന്തകളായിരുന്നൂ എന്റെ മനസ്സിൽ. സരണിനൊപ്പം, അവന്റെ സുഹൃത്തുക്കൾ ഉണ്ടാകുമെന്ന് അവൻ നേരത്തെ അറിയിച്ചിരുന്നു. എനിക്ക് അവരെ ഉൾക്കൊള്ളാൻ കഴിയുമോ ഇല്ലയോ എന്ന ശങ്ക ഉണ്ടായിരുന്നു. പിന്നെ, എന്തും വരട്ടെ എന്ന് പ്രാർതഥിച്ചുകൊണ്ട് കിടന്നു.

പറഞ്ഞതുപോലെ തന്നെ സരണിന്റെ സുഹൃത്തുക്കൾ വെളുപ്പിനെ 5:45am ആയപ്പോൾ എത്തി. ഞാൻ യാത്രയിൽ കൈയിൽ കരുതിയിരുന്നത് അത്യാവശ്യം വേണ്ട ഡ്രസുകളും ക്യാമാറായും ട്രൈപ്പോടും ആയിരുന്നു.

കേരള തമിഴ്നാട് ബോർഡർ എത്തിയപ്പോൾ 7am ആയിരുന്നു. ഈ സമയത്ത് റയിൽവേ ഗേറ്റ് അടച്ചിരിക്കുകയായിരുന്നൂ. ഞാനാസമയത്ത് , Trip Notes Vlog എന്ന എന്റെ യൂട്യൂബ് ചാനലിന് വേണ്ട വിഡിയോസും ഇൻട്രോഡക്ഷൻ ഷോട്ടും ഞങ്ങൾ എടുത്തു. റോഡിന് ഇരുവശത്തും കാറ്റാടിപ്പാടങ്ങളാൽ സമ്പുഷ്ടമായിരുന്നു. നന്ദുവും സരണും മുൻപ് ധനുഷ്കോടിയിൽ പോയിട്ടുള്ളതിനാൽ ആ സ്ഥലത്തെക്കുറിച്ചും അവിടുത്തെ രീതികളെക്കുറിച്ചും എനിക്ക് പറഞ്ഞുതന്നു.

ഞങ്ങൾ തോവാള പൂമാർക്കറ്റിൽ എത്തിച്ചേർന്നു. അതിമനോഹരമായ കാഴ്ചകളാണ് അവിടെ കണ്ടത്. പല നിറങ്ങളിലുള്ള പൂക്കൾ മണൽക്കൂനപോലെ കൂട്ടിയിട്ടിരിക്കുന്നത് കണ്ണിനു കുളിർമ നൽകുന്ന കാഴ്ചയാണ്. പഠിക്കുന്ന സമയത്ത് സ്കൂളിലെ ഓണാഘോഷത്തിന് മാത്രമേ ഇതുപോലെ പൂക്കൾ കണ്ടിട്ടുള്ളൂ. പക്ഷേ, അതിലും മനോഹരമായ കാഴ്ചയാണ് തോവാള പൂമാർക്കറ്റിൽ ഞങ്ങൾക്ക് കണ്ടത് . പൂമാർക്കറ്റിലെ കിളികളുടെ ചിറകടി ശബ്ദം കേൾവിക്ക് സുഖകരമായിതോന്നി. അടുത്ത് പാറക്ക് മുകളിൽ ഒരു അമ്പലമുണ്ടായിരുന്നെങ്കിലും അവിടം സന്ദർശിക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല. അപ്പോളാണ് ശ്രീജിത്ത് കാടിനടുത്തേക്ക് പോകുന്നത് കണ്ടത്. ഞാൻ അവന്റെ പാത പിന്തുടർന്നപ്പോൾ കണ്ടത് പ്രകൃതി ഒരുക്കിയ മനോഹര ദൃശ്യമായിരുന്നു. ഞങ്ങൾക്ക് ചുറ്റും നിന്നിരുന്ന കാറ്റാടിപ്പാടങ്ങൾ പതിയെ പതിയെ അപ്രത്യക്ഷമായി. സമയം മുന്നോട്ട് പോയി വെയിലിന്റെ കാഠിന്യം കൂടി കൂടി വരുകയാണ് ഞങ്ങൾ പിന്നെയും പിന്നെയും യാത്ര തുടർന്നു. പോകുന്ന വഴിക്ക് വെളുത്ത പാടങ്ങൾ കണ്ടൂ. അടുത്തേക്ക് ചെന്നപ്പോഴാണ് മനസ്സിലായത് അത് ഉപ്പ് പാടങ്ങൾ ആയിരുന്നു എന്ന്. പിന്നെ അവിടുത്തെ കുറച്ചു ഫോട്ടോകൾ എടുത്ത് വീണ്ടും യാത്ര തുടർന്നപ്പോൾ നന്ദു ഇനി ഉണ്ടാകാൻ പോകുന്ന ഒരു പ്രശ്നത്തെ പറ്റി പറഞ്ഞു. നന്ദു ഇനി ഉണ്ടാകാൻ പോകുന്ന പ്രശ്നത്തെ കുറിച തൂത്തുകുടിക്കും ഏർവാടിക്കും ഇടയിൽ വാഹനങ്ങളിൽ അള്ളു വയ്ക്കുന്ന ഒരു വിഭാഗം ആളുകൾ ഉണ്ടെന്നു നന്ദു മുന്നറിയിപ്പ് നൽകി. കുറച്ചു. അവിടെ അള്ള് വക്കുന്ന ചില സ്ഥലങ്ങൾ ഉണ്ടെന്നും ഇനി അങ്ങോട്ട് ചിലപ്പോൾ അതാകാമെന്നും, അള്ള് എന്ന് പറഞ്ഞാല് എന്തെങ്കിലും തരത്തിലുള്ള അപകടം വരുത്തി ആക്രമിക്കുന്ന രീതിയാണ്. ഭാഗ്യവശാൽ, ഞങ്ങൾക്ക് അങ്ങനെയൊന്നും നേരിടേണ്ടി വന്നില്ല. കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ വണ്ടിക്ക് ഇടത്തോട്ട് പിടുത്തം ഉണ്ടെന്ന് പറഞ്ഞു കളിയാക്കിക്കൊണ്ടിരുന്നു. നോക്കിയപ്പോൾ ലെഫ്റ്റ് സൈഡ് ടയർ പഞ്ചർ ആയിരുന്നു. പിന്നെ ടയർ മാറ്റിയിട്ടു.

ആ സമയത്തൊക്കെ വെയിലിന്റെ കാഠിന്യം വളരെ കൂടുലായിരുന്നു. കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ ഏർവാടി ദർഗ കണ്ടൂ. അതിനെക്കുറിച്ച് നിഖിൽ എന്നോട് വിശദീകരിച്ചു. ഒരു പഞ്ചർ കട കണ്ടപ്പോൾ ടയർ കൊടുത്തിട്ട് ഞങ്ങൾ ഭക്ഷണം കഴിക്കാൻ പോയി

കഴിക്കുന്നതിനിടെ സരൺ കഴിഞ്ഞുപോയ ഞങ്ങളുടെ സൗഹൃദത്തെ പറ്റി പങ്കുവച്ചു. അതിനിടയിൽ ഞാനെന്റെ ചാനലിന് വേണ്ട വിശദാംശങ്ങൾ ശേഖരിക്കുകയായിരുന്നു. ഇനി നമ്മൾ അങ്ങോട്ട് പോകുന്നത് ഞാൻ ആകാംഷഭരിതമായ കാത്തിരുന്ന ആ കാഴ്ചക്കു വേണ്ടിയായിരുന്നു. അവസാനം പറഞ്ഞറിയിക്കാൻ പറ്റാത്ത ആ കാഴ്ച ഞാൻ കണ്ടു. "പാമ്പൻ പാലം" പെട്ടെന്ന് ഓർമ വന്നത് പത്താം ക്ലാസിൽ ഡോക്ടർ എ. പി. ജെ. അബ്ദുൾ കലാമിന്റെ "വിങ്സ് ഓഫ് ഫയർ" എന്ന ആത്മകഥ ആയിരുന്നു. അന്ന് ആ കഥ പഠിക്കുമ്പോൾ എപ്പോഴെങ്കിലും ഇവിടെ വരണമെന്ന് ആഗ്രഹിച്ചിരുന്നു. മനസ്സിൽ ഒരു വർണനയും വരുന്നില്ല, അതുപോലെ ഞാൻ അത്ഭുതപ്പെട്ടു നിൽക്കുകയായിരുന്നു. സൂര്യൻ പരന്ന് ചുവപ്പിലോട്ട് മാറുമ്പോൾ ചുവപ്പും കരിനീലയും കലർന്ന കടൽ പച്ച കൂടിയ കരിനീല കടൽ എന്നിങ്ങനെ ആ കാഴ്ചയെ വർണിക്കാം. കടലിലൂടെ ചെറു ബോട്ടുകളുടെ യാത്രയും എനിക്ക് കാണാൻ കഴിഞ്ഞു. പണ്ട് പഠിച്ച ഇന്ത്യയുടെ ഭൂപടത്തിന്റെ ചിത്രം മനസ്സിലേക്ക് ഓടിയെത്തിയപ്പോൾ ഈ കടലിനെക്കുറിച്ച് ഞാൻ അങ്ങനെ വർണ്ണിച്ചുകൊണ്ടിരുന്നു. അല്ലെങ്കിൽ, ഭൂപടത്തിൽ ഈ കടൽ കണ്ടെത്തി എത്ര തന്നെ നോക്കിയിരിന്നിട്ടും എനിക്കതിനെക്കുറിച്ച് വർണ്ണിക്കാൻ വാക്കുകൾ വരുന്നതെയില്ല, അത്രക്ക് മനോഹരമായ കാഴ്ചയായിരുന്നു അത്.

രാത്രി വിശ്രമിക്കാൻ ഞങ്ങൾക്ക് ഒരു റൂം അത്യാവശ്യമായിരുന്നു. അതുകൊണ്ട് ആ യാത്ര അവിടെ അവസാനിപ്പിച്ചു റൂമിൽ തിരിച്ചെത്തി കുളിച്ചു ഭക്ഷണമൊക്കെ കഴിച്ചു. അതിനിടയിൽ എന്റെ ചാനലിലേക്കു അപ്ലോഡ് ചെയ്യുന്ന വീഡിയോയുടെ എഡിറ്റിങ്ങും വോയിസും ചെയ്യണമായിരുന്നു, അതിനുവേണ്ടി ബാക്കിയുള്ള സുഹൃത്തുകളെ എല്ലാം പുറത്തേക്ക് വിട്ടു റൂമിലിരുന്ന് അത് ചെയ്യാമെന്ന് ഞാൻ വിചാരിച്ചു. പക്ഷേ, അവർ ഞാനില്ലതെ യാത്ര ചെയ്യില്ലെന്ന് ആയപ്പോൾ എനിക്ക് അവരുടെ കൂടെ പോകേണ്ടിവന്നു. ഞങ്ങൾ രെ പോയത് പാമ്പൻ പാലത്തിന്റെ രാത്രി കാഴ്ചകൾ കാണാൻ വേണ്ടിയായിരുന്നു. അതിസുന്ദരമായ ആ കാഴ്ചകൾ ഇരുട്ടായതുകൊണ്ട് ക്യാമറയിൽ പകർത്താൻ കഴിഞ്ഞില്ല. അങ്ങനെ പാമ്പൻ പാലത്തിന്റെ യാത്ര അവിടെ അവസാനിപ്പിച്ച് ഞങ്ങൾ തിരികെ റൂമിലേക്ക് പോയി. എല്ലാവരും ഉറങ്ങിയതിന് ശേഷം ഞാൻ എന്റെ വീഡിയോക്ക് വേണ്ട വോയ്സ് എഡിറ്റിംഗ് ചെയ്തു. ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യങ്ങൾ ഈ യാത്രയിൽ നടന്നെന്ന് സന്തോഷത്തോടെ അതിരാവിലെ ധനുഷ്കോടി പോകേണ്ടതുകൊണ്ട് ഞാൻ ഉറങ്ങാൻ കിടന്നു.





പിറ്റെ ദിവസം രാവിലെ 6:30am ആയപ്പോഴേക്കും ഞങ്ങൾ രാമേശ്വരത്ത് നിന്നും ധനുഷ്കോടിയിലേക്ക് പുറപ്പെട്ടു. സൂര്യന്റെ പൊൻപ്രഭ ഏറ്റ വഴിയോര കാഴ്ചകളും പ്രകൃതിഭംഗിയും വർണ്ണനാതീതമായിരുന്നു. ഈ റോഡിൻറെ ഇരുഭാഗങ്ങളിലും രണ്ടു മഹാസമുദ്രങ്ങൾ ആണ്. ബംഗാൾ ഉൾക്കടലും ഇന്ത്യൻ മഹാസമുദ്രവും. ഇത് കാണുമ്പോൾ കണ്ടുപിടിച്ച പാഠഭാഗങ്ങൾ ഓർമ്മവന്നു. ആദ്യം ഞങ്ങൾ ആദ്യം കാണാൻ പോയത് പ്രേതനഗരം കാണാനായിരുന്നു. 1964ലെ മുൻപേ സ്കൂൾ, ചർച്ച്, ഹോസ്പിറ്റൽ, പോസ്റ്റ് ഓഫീസ് തുടങ്ങിയവ ഉണ്ടായിരുന്ന പ്രദേശമായിരുന്നു അത്. 1964ലെ ചുഴലിക്കാറ്റിൽ തകർന്നു പോവുകയും അവിടുത്തെ ജനങ്ങൾ എല്ലാം മരണപ്പെടുകയും ചെയ്തു. അവിടെ അവരുടെ ആത്മാക്കൾ ഇപ്പോഴും അവിടെ അവിടെ ഉണ്ടെന്ന് അവിടെ ഉണ്ടെന്ന് വിശ്വസിക്കുന്ന കൊണ്ട് രാത്രി ആ ഭാഗത്തേക്കുള്ള ഉള്ള പ്രവേശനം സർക്കാർ വിലക്കിയിട്ടുണ്ട്. മത്സ്യബന്ധനംഉപജീവനമാർഗ്ഗമായി തിരഞ്ഞെടുത്ത കുറച്ച് ആളുകൾ ചെറു കുടിലുകൾ കൾ വെച്ച് താമസിക്കുന്നുണ്ട്. യാത്രാമധ്യേ വെള്ളത്തിൽ പൊങ്ങി കിടക്കുന്ന കല്ലുകൾ കണ്ടു. ആ കല്ലിന്റെ പുറകിലെ കഥ നിഖിൽ പറഞ്ഞു തന്നു. അവിടെ എല്ലാവരും കൂടി കുറച്ചു സമയം ചെലവഴിച്ചു. പല തമാശകളും പറഞ്ഞു നീങ്ങി. അങ്ങനെ ധനുഷ്കോടി യുടെ അവസാനം എത്തി. അതിസുന്ദരം അല്ല അതിനും അപ്പുറം ആയിരുന്നു ആ കാഴ്ചകൾ. കുറച്ചുനേരത്തേക്ക് എന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ഞാൻ ഇവിടെ നിൽക്കുന്നത് ഒരു അത്ഭുതമായി തോന്നി. ആ സമുദ്രങ്ങൾ ശാന്തമായി ആണ് കിടക്കുന്നത് പക്ഷേ അടിയൊഴുക്ക് നന്നായിട്ടുണ്ട്. അതുകൊണ്ട് തന്നെ ഞങ്ങളാരും വെള്ളത്തിലേക്ക് ഇറങ്ങിയില്ല. സമുദ്രത്തിലൂടെ മത്സ്യബന്ധന ബോട്ട് സർവീസ് നടത്തുന്നത് കാണാമായിരുന്നു. അതിനിടയിൽ അവിടുത്തെ പ്രകൃതി ഭംഗി ഞാൻ ക്യാമറയിൽ പകർത്തി. കുറേയധികം വെയിലത്ത് നിന്നതുകൊണ്ടാവാം കരിവാളിച്ച് പോയത്.

അവിടുത്തെ കാഴ്ചകളോക്കെ കണ്ട് തിരികെ രാമേശ്വരം അമ്പലം കാണാൻ പോയി.ഏറ്റവും വലിയ ഇടനാഴി ഉള്ള അമ്പലമായിരുന്ന് അത്. അവിടുത്തെ പ്രതിഷ്ഠ കാണാൻ വലിയ വരി തന്നെ ഉണ്ടാരുന്നതിനാൽ അതൊന്നും കാണാൻ നിൽക്കാതെ അവിടെ നിന്നും ഇറങ്ങി. ഒരു ചെറിയ ഹോട്ടൽ കണ്ടപ്പോൾ അവിടെ നിന്നും ഭക്ഷണം കഴിച്ചു. എന്റെ ജീവിതത്തിലെ പ്രചോദനം ഏകിയ ഡോക്ടർ എ. പി. ജെ. അബ്ദുൾ കലാമിന്റെ കബറിടം കുടികൊള്ളുന്ന സ്ഥലം ഞങ്ങൾ സന്ദർശിച്ചു. തിരികെ ഞങ്ങൾ വരും വഴി മേലെച്ചിലാന്തിനൂർ എന്ന സ്ഥലത്ത് ഇറങ്ങി. ഇതുവരെ വളർന്നു വരാത്ത ഒരു പക്ഷി സങ്കേതം ആയിരുന്നു. അതുകൊണ്ട് തന്നെ അവിടുത്തെ നാട്ടുകാരുടെ സംരക്ഷണയിൽ ആണ് അത് നിലനിന്നു പോകുന്നത്. അവിടെ കുറച്ചു നേരം ചെലവഴിച്ചു. അതിന് ശേഷം അവിടുന്ന് യാത്ര തിരിച്ചു. രണ്ടു ദിവസമായി എന്നോടൊപ്പം ഉണ്ടായിരുന്ന ഓരോ സുഹൃത്തുക്കളും അവരുടെ വീട്ടിലേക്കു മടങ്ങുകയാണ്. ജീവിതത്തിലെ അവിസ്മണീയമായ കുറച്ചു നല്ല നിമിഷങ്ങൾ ധനുഷ്കോടിയിൽ ചെലവിട്ടുകൊണ്ട് ഞങ്ങൾ മടങ്ങി. ©



ആധുനിക വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ






പി. എം. ചാക്കോ മാമ്മൂട്

9562253701

മനുഷ്യവർഗത്തിന് സുഖമമായി മുന്നോട്ടു ചരിക്കുവാൻ പാത ഒരുക്കി കൊടുത്തത് അവൻ ദിനംപ്രതി ആർജിച്ച പുതിയ പുതിയ അറിവുകളാണ്. അറിവ് സ്വയമേവ ഉണ്ടായി വന്ന ഒന്നല്ല മനുഷ്യൻ സ്വയം സൃഷ്ടിച്ചെടുത്ത യാണ്. അതിന് അവനെ പ്രാപ്തനാക്കിയത് മറ്റ് മൃഗങ്ങളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് ആക്കുന്നത് ചിന്താശേഷിയും ഭാവനാശേഷിയും നിരീക്ഷണ ബുദ്ധിയും ആണ്. മനുഷ്യനു സിദ്ധിച്ച ഈ കഴിവുകൾ ഉപയോഗിക്കണം എല്ലാവരും ഒരുപോലെയല്ല ഉപയോഗിക്കുന്നത് ഒരു ന്യൂനപക്ഷം മാത്രം ആയിരിക്കും അവ ശരിയാ വണ്ണം ഉപയോഗിക്കുന്നതും. പുതിയ പുതിയ അറിവുകൾ നേടുന്നതും. ഇവരാണ് സമൂഹത്തെ മുന്നോട്ടു നയിക്കുന്ന ചാലക ശക്തി. ഭൂരിപക്ഷവും മൃഗങ്ങൾക്ക് നൈസർഗ്ഗികമായി ലഭിച്ച ചോദനകളും വികാരങ്ങളും പേറി മൃഗതുല്യമായ ജീവിതം നയിക്കുന്നവർ ആയിരിക്കും. ചിന്താശേഷിയും ശേഷിയും നിരീക്ഷണ ബുദ്ധിയും ഉള്ളതുകൊണ്ട് ന്യൂനപക്ഷം കണ്ടെത്തിയ അറിവുകൾ സമൂഹത്തിൽ പ്രചരിപ്പിച്ചിരുന്നത് ആദ്യകാലങ്ങളിൽ വായ്മൊഴി കളിലൂടെ ആയിരുന്നു. എന്നാൽ ഭാഷകൾക്ക് ലിപി കണ്ടെത്തിയതോടെ പുതിയ ആശയങ്ങളുടെ പ്രചരണം ഗ്രന്ഥങ്ങൾ ഏറ്റെടുത്തു. പതിനഞ്ചാം നൂറ്റാണ്ടുവരെ ഒരു പുസ്തകത്തിൻറെ പകർപ്പ് തൂലികയുടെ സഹായത്തോടെ എഴുതണമായിരുന്നു. ഇതിന് ദീർഘസമയം വേണ്ടിവന്നു. ജർമൻകാരനായ ജോഹന്നാസ് ഗുട്ടൻബർഗ് 1439ൽ അച്ചടിയന്ത്രം കണ്ടുപിടിച്ചതോടെ കൂടി പുസ്തകത്തിന്റെ പകർപ്പുകൾ തയ്യാറാക്കാൻ വളരെ എളുപ്പമായി. അതോടുകൂടി സാധാരണക്കാരുടെ കൈകളിൽ പുതിയ പുതിയ പുസ്തകങ്ങൾ എത്തി തുടങ്ങി. ഇത് യൂറോപ്പിൽ നാമ്പിട്ട നവോത്ഥാനത്തിന് കരുത്ത് പകർന്നു.



യൂറോപ്പിലുണ്ടായ ഈ പുതിയ ഉണർവാണ് അവരെ ശാക്തീകരിച്ചത്. സ്വതന്ത്ര ചിന്തയ്ക്ക് തടസ്സം സൃഷ്ടിച്ചിരുന്ന മതത്തിന്റെ അതിർവരമ്പുകളെ ഭേദിച്ച് സ്വതന്ത്ര ചിന്തയിലേക്ക് ഉയരുവാൻ യൂറോപ്യൻ ജനതയെ പ്രേരിപ്പിച്ചത് നവോത്ഥാനമൂല്യങ്ങൾ തന്നെയാണ്. യൂറോപ്പിലുണ്ടായ നാവോത്ഥാനത്തിന്റെ ഫലമായി ശാസ്ത്ര സാങ്കേതിക വിദ്യകൾ പുഷ്ടിപ്പെട്ടു. ഇത് യൂറോപ്യൻ ജനതയുടെ ജീവിതത്തിൽ പുരോഗമനപരമായ പരിവർത്തനം സൃഷ്ടിച്ചു. പഴയ യുദ്ധോപകരണങ്ങളായ വാളും, പരിചയും, കുന്തത്തിനുമൊക്കെ പകരമായി തോക്കും, പീരങ്കിയുമൊക്കെ നിർമ്മിച്ചെടുത്തു. ഇതാണ് മറ്റു രാജ്യങ്ങളിൽ തങ്ങളുടെ കോളനികൾ സ്ഥാപിക്കാൻ യൂറോപ്യന്മാരെ സഹായിച്ച ഏറ്റവും വലിയ ഘടകം.

ആത്മീയതയുടെ പുതപ്പിനടിയിൽ സുഖസുഷുപ്തിയിൽ ആണ്ടു കിടന്ന ജനങ്ങൾ വസിച്ചിരുന്ന നാടുകളിലാണ് പാശ്ചാത്യർക്ക് അനായാസം കടന്നുകയറി അവരുടെ കോളനികൾ സ്ഥാപിക്കാൻ കഴിഞ്ഞതെന്നു ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. ബ്രിട്ടൻ ആണ് കോളനിവൽക്കരണത്തിൽ ഏറ്റവും മികച്ചു നിന്നത്. ആ ചെറുരാജ്യം ലോകത്തിൻറെ എല്ലാ ഭാഗത്തും കോളനികൾ സ്ഥാപിക്കുകയും സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്വത്തിന്റെ ഉടമ എന്ന പദവിക്കർഹമാവുകയും ചെയ്തു. ഇംഗ്ലീഷുകാർക്ക് ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കാൻ അനുകൂലമായ നിരവധി ഘടകങ്ങൾ ഉണ്ടായിരുന്നു. ലോകത്ത് മറ്റൊരിടത്തും ദൃശ്യമാകാത്ത അതിവിചിത്രമായ ഒരു സാമൂഹികഘടനയാണ് ഇന്ത്യയിൽ നിലനിന്നിരുന്നത്.



മനുഷ്യനെ പരസ്പരം സഹകരിക്കാൻ ആവാതെ ഭിന്നിച്ച് നിർത്താനുതകുന്ന ജാതി ഉപജാതി അധിഷ്ഠിതമായ സാമൂഹികഘടന, എണ്ണമറ്റ മതങ്ങൾ നിരന്തരം പരസ്പരം പോരടിച്ചു കൊണ്ടിരുന്ന 700 ലേറെ നാട്ടുരാജ്യങ്ങൾ, ഈ ഘടകങ്ങൾ ബ്രിട്ടീഷുകാർക്ക് മാത്രമല്ല, ഇന്ത്യയിൽ ആധിപത്യസ്ഥാപനത്തിനു സഹായകരമായി തീർന്നത്, അതിനു മുമ്പ് ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച എല്ലാ വൈദേശികൾക്കും സഹായകരമായി വർദ്ധിച്ചു.



ദീർഘമായ രണ്ടു നൂറ്റാണ്ടുകാലം ആണ് ബ്രിട്ടീഷ് കോളനി വാഴ്ച ഇന്ത്യയിൽ നിലനിന്നത്. ഈ കാലഘട്ടത്തിൽ പല കോട്ടങ്ങളും നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ നാം കോട്ടങ്ങളെക്കുറിച്ച് വാചാലരാകുമ്പോൾ തന്നെ നേട്ടങ്ങളെക്കുറിച്ച് മൗനം പാലിക്കുകയാണ് ചെയ്യാറുള്ളത്. നിരവധി നാട്ടുരാജ്യങ്ങളെ ഒരു ഭരണത്തിൻകീഴിൽ കൊണ്ടുവന്ന ഇന്നത്തെ ഇന്ത്യയുടെ രൂപീകരണത്തിന് അസ്ഥിവാരമിട്ടത് ബ്രിട്ടീഷുകാർ തന്നെയാണ്. കുടിൽ വ്യവസായങ്ങളെ വൻകിട വ്യവസായങ്ങളായ് പരിവർത്തിപ്പിച്ചതും അവരുടെ ഭരണ കാലത്താണ്. തീവണ്ടി ഗതാഗതം ഇന്ത്യയിൽ തുടക്കം കുറിച്ചത് ഡൽഹൗസി പ്രഭുവിന്റെ കാലത്താണ്. ഇങ്ങനെ നിരവധി സംഭാവനകൾ ബ്രിട്ടീഷ് ഭരണം ഈ നാടിന് കാഴ്ചവെച്ചിട്ടുണ്ട്. അതിൽ എടുത്തു പറയേണ്ട ഒന്നാണ് ആധുനിക വിദ്യാഭ്യാസ സമ്പ്രദായം. ഇത് നമ്മുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് എന്ന പേരിന് അർഹനായ രാജാറാം മോഹൻ റോയ് "സതി" എന്ന ദുരാചാരം അവസാനിപ്പിക്കുവാൻ മുന്നോട്ടു വന്നതും ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചത് കൊണ്ട് തന്നെയാണ്. ഇത്തരം നിരവധി സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വാധീനം പങ്കുവഹിച്ചിട്ടുണ്ട്.





ഒരുകാലത്ത് ബ്രാഹ്മണർ ഉൾപ്പെടെയുള്ള സവർണർക്ക് മാത്രമേ ഈ നാട്ടിൽ വിദ്യ അഭ്യസിക്കാനുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. അന്നവർ ഗുരുകുലങ്ങളെ തന്നെയാണ് വിദ്യാലയങ്ങളായി പരിഗണിച്ചിരുന്നത്. അവർണർക്ക് അന്ന് അക്ഷരം നിഷിദ്ധമായിരുന്നു, എന്നാൽ ബ്രിട്ടീഷ് ഭരണാധികാരികളും മിഷനറിമാരും പൊതുവിദ്യാലയങ്ങൾ സ്ഥാപിച്ചതോടുകൂടി അവർണ്ണനും വിദ്യ സമ്പാദിക്കാനുള്ള സാഹചര്യം ഉണ്ടായി. അച്ചടി യന്ത്രങ്ങൾ ഉപയോഗിച്ചു പുസ്തകങ്ങൾ അച്ചടിക്കുവാൻ ഇന്ത്യക്കാരെ പരിചരിചയിപ്പിച്ചതും പാശ്ചാത്യർ തന്നെ. ഇതോടൊപ്പം സാഹിത്യത്തിൻറെ വിവിധരൂപങ്ങൾ അവരിൽനിന്ന് സ്വായത്തമാക്കാൻ നമുക്ക് കഴിഞ്ഞു. ഇതിലൊക്കെ, ഉപരിയായി ആധുനിക ശാസ്ത്രബോധം ഇന്ത്യക്കാരിൽ വളർത്തുവാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് കഴിഞ്ഞു. നമ്മുടെ സ്വാതന്ത്ര്യ ബോധം പോലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ നിന്നുമാണ് ഉളവായത്.





സൃഷ്ടി

സൃഷ്ടി ശിഥിലയ പാവന മന്ത്രം

അഖില ചരാചര രസനികളിൽ

ഉദയം ഒരുക്കും ജീവനിൽ

ഗാന പ്രഭാദാനയനി നീ.

പ്രപഞ്ച കലയുടെ നർത്തന വേദിയിൽ

ഉരുവിട്ടു നിൽക്കും നവശക്തി

പ്രതിഭയിൽ നവയുഗ ജീവികളേന്തും

നവചേതനയുടെ ഭാവലയം.

കലയുടെ നാടാം കേരള മണ്ണിൽ


കതിരിടട്ടെ നവസം സ്കാരം

കണി കണ്ടുണരട്ടൊരു നവശക്തി

നാടിൻ മോചന നവശക്തി.

- C.D. ബാബു ചങ്ങനാശേരി

ഒറ്റനിറമുള്ളയൊരാൾ



അജയകുമാർ എം. എൻ.
ചെങ്ങന്നൂർ

അത്താഴം കഴിക്കാൻ ഇരുന്നപ്പോഴാണ് മോഹൻകുമാർ അത് ശ്രദ്ധിച്ചത്. മകൾ സാന്ദ്രയുടെ മുഖം ഇതു വരെ തെളിഞ്ഞിട്ടില്ല.കോളേജിൽ നിന്ന് വന്നപ്പോൾ മുതൽ അസ്വസ്ഥയാണവൾ. ചില ദിവസങ്ങളിൽ അങ്ങനെയായിരിക്കും വരിക. പിന്നീട് ഫ്രഷായി പഠനമൊക്കെ കഴിഞ്ഞ് ആഹാരം കഴിക്കാനെത്തുമ്പോഴേക്കും ഉന്മേഷം വീണ്ടെടുക്കുകയാണ് പതിവ്. ഇന്നിപ്പോൾ കാര്യമായ എന്തോ പ്രശ്നം ഉണ്ടാവും. അവളുടെ മനസ്സിവിടെയില്ലെന്ന് അയാൾക്ക് തോന്നി. ഭാര്യ അനുജ അതൊന്നും ശ്രദ്ധിക്കാതെ ചോറും കറികളും വിളമ്പുകയാണ് .ഭാര്യയെ തോണ്ടി മകൾക്ക് എന്ത് പറ്റിയെന്ന് ആംഗ്യം കാണിച്ച് ചോദിച്ചു. അറിയില്ലെന്ന് അവർ കൈമലർത്തി കാണിച്ചു. ഊണ് കഴിഞ്ഞ് കിടക്കുന്നതിന് മുമ്പ് അനുദിനവിശേഷങ്ങൾ പങ്കുവയ്ക്കാൻ ദിവസവും കൂടാറുള്ള സമയത്ത് ചോദിക്കാമെന്ന് അയാൾ കരുതി. മറ്റെന്തെക്കെയോ കാര്യങ്ങൾ ബോധപൂർവം പറഞ്ഞ് അയാൾ അത്താഴ സമയം തള്ളി നീക്കി. മകൾ ആഹാരം കഴിച്ചെന്ന് ബോദ്ധ്യപ്പെടുത്തുകയായിരുന്നുവെന്ന് അയാൾക്ക് മനസിലായി.

അടുക്കളയിലെ ജോലികളെല്ലാം ഒതുക്കി അനുജ വന്നിട്ട് കുറെ നേരമായ്. മോഹൻകുമാർ മകളെ അന്വേഷിച്ച് അവളുടെ മുറിയിലേക്ക് ചെന്നു. സാന്ദ്ര കട്ടിലിൽ കമഴ്ന്ന് കിടക്കുകയായിരുന്നു. "മോളെ വരൂ, അനുജയ്ക്കൊരു പ്രശ്നം. ഒന്നു സോൾവ് ചെയ്യാം." അമ്മയ്ക്കെന്തെങ്കിലും പ്രയാസമുണ്ടെന്നറിഞ്ഞാൽ തടസ്സം പറയാതെ മകൾ വരുമെന്ന് അയാൾക്ക് അറിയാമായിരുന്നു.

"അച്ഛാ എനിയ്ക്ക് തലവേദനയുണ്ട്. "

"സാരമില്ല. ഇത് മരുന്നില്ലാതെ മാറിക്കോളും. നല്ല രസമുള്ള കേസാണ്. മോള് വന്നാലേ ശരിയാകൂ, വരൂ."

മകളുടെ നെറ്റിയിൽ കൈവച്ചു നോക്കിയിട്ട് അയാൾ പറഞ്ഞു, അച്ഛന്റെ സ്നേഹത്തിനു മുമ്പിൽ കീഴടങ്ങി അവൾ അയാൾക്ക് പിന്നാലെ ഹാളിലേക്ക് വന്നു, ഇതൊന്നും അത്ര കാര്യമാക്കാതെ അനുജ ഏതോ മാഗസിൻ മറിച്ച് നോക്കിയിരുന്നു.

അച്ഛനും മകളും അവിടെ വന്നിരുന്നു. "എന്തുപറ്റിയമ്മേ?', അനൂ , കാര്യം പറയൂ ' മോഹൻകുമാർ പറഞ്ഞു . പ്രശ്നം ഇതാണ് . എന്റെ മകൾക്ക് ഇന്ന് എന്തോ കാര്യമായ വിഷമം ഉണ്ടായിട്ടുണ്ട് . അവളിന്നു കോളേജിൽനിന്നു വന്നപ്പോൾ മുതൽ അസ്വസ്ഥയാണ് , അവളുടെ അച്ഛന് സമാധാനമില്ല . ഇതിന് പരിഹാരമുണ്ടാകണം . അനുജ പറഞ്ഞ് നിർത്തി . അച്ഛൻ ബുദ്ധിപൂർവം തന്നെ കൂടുക്കുകയായിരുന്നു എന്ന് സാന്ദ്രയ്ക്ക് മനസ്സിലായി . അവൾ അച്ഛനെ നോക്കി അയാൾ ചിരിച്ചുകൊണ്ട് ഒന്നും അറിയാത്തവനെ പോലെ ഇരുന്നു . "പറയൂ കുട്ടി ". നിന്റെ മുഖം വാടിയിരുന്നാൽ അച്ഛനിന്ന് ഉറങ്ങില്ലെന്നു നിനക്കറിയാമല്ലോ? "പറയൂ മോളെ ". ചെറിയ കാര്യങ്ങൾക്കൊന്നും നീ ഇങ്ങനെ ഇരിക്കുന്നതല്ലല്ലോ ?

"എനിക്കൊരാളോട് പ്രണയം തോന്നി" തമാശ രൂപേണ പറഞ്ഞെങ്കിലും സാന്ദ്രയുടെ ഉള്ള് പിടയുന്നുണ്ടായിരുന്നു." ആഹാ. ഇതാണോ വല്ല്യ കാര്യം. പത്താം ക്ലാസിൽ വച്ച് എന്നെ പ്രേമിച്ചവളാ നിന്റെ അമ്മ. കോളേജിൽ വച്ച് എത്ര കാമുകന്മാരുണ്ടായിരുന്നെന്നറിയാമോ?" മകളുടെ വിഷമം ഇത്തിരി കുറയട്ടെയെന്നു കരുതി തമാശ പറഞ്ഞ് അയാൾ ഉറക്കെ ചിരിച്ചു."ഓ, ഒരു പുണ്യവാളൻ, പ്രേമക്കത്തെഴുതുന്നതിന് അവാർഡുണ്ടായിരുന്നെങ്കിൽ എന്നും നിന്റച്ഛന് കിട്ടിയേനെ." അനുജ തിരിച്ചടിച്ചു.പിന്നെ രണ്ടാളും ഉറക്കെച്ചിരിച്ചു -"അച്ഛാ പ്ലീസ്, ഞാൻ സീരിയസ്സാണ്." മകളുടെ ശബ്ദം ഇടറിയത് കണ്ട് അവർ ചിരിയടക്കി."സാരമില്ല മോളൂ ഈ പ്രായത്തിൽ ഇങ്ങനെയൊക്കെ തോന്നുക സ്വാഭാവികമാണ് ... സുന്ദരിക്കുട്ടിയായ എന്റെ മോൾക്ക് എൻജിനീയറിംഗ് അവസാന വർഷം വരെ നോക്കിയിരിക്കേണ്ടി വന്നു, മനസ്സിൽ പിടിച്ച ആളെ കിട്ടാൻ.... ആട്ടെ അതിനെന്തിനാ നീ വിഷമിക്കുന്നെ.. "

മോഹൻകുമാർ ഇങ്ങനെയാണ് ഉള്ളിൽ പ്രയാസവും സമ്മർദ്ദവുമൊക്കെ ഒളിപ്പിച്ച് പ്രശ്നങ്ങളെ നിസ്സാരമായി നേരിടാൻ ശ്രമിക്കും."അയാൾക്ക് എന്നെ അങ്ങനെ കാണാനാവില്ലെന്നാണ് പറയുന്നത്..... ആദ്യമായിട്ടാ ഒരാളോട് ..." അത്രയും പറഞ്ഞപ്പോഴേക്കും സാന്ദ്രയുടെ കണ്ണു നിറഞ്ഞു.തൊണ്ടയിടറി."ഓഹോ. ആരാണോവോ ആ മഹാൻ. എന്റെ സുന്ദരിക്കുട്ടിയുടെ പ്രണയം നിഷേധിച്ച വിശ്വാമിത്രൻ ."""അച്ഛാ പ്ലീസ്. "" നിങ്ങള് തമാശ നിർത്തുന്നുണ്ടോ? അനുജ ഭർത്താവിനെ ശാസിച്ചു.

"നിങ്ങൾക്ക് രണ്ടാൾക്കും ആളിനെയറിയും" സാന്ദ്ര പറഞ്ഞു. മോഹൻ കുമാറും ഭാര്യയും പരസ്പരം നോക്കി. ആരാണാവോയെന്ന് കണ്ണുകൾ കൊണ്ട് ചോദിച്ചു." രാഹുൽ. അവനാ കക്ഷി, ദുഷ്ടൻ..." "അവൻ നിന്റെ ബെസ്റ്റ് ഫ്രണ്ടല്ലേ മോളെ. നിനക്കിപ്പോൾ ഇങ്ങനെ തോന്നാൻ?" അനുജ ചോദിച്ചു.സിവിൽ എൻജിനീയറിംഗ് ക്ലാസിൽ വച്ചാണ് രാഹുലും സാന്ദ്രയും സുഹൃത്തുക്കളാകുന്നത്. ക്ലാസിലെ ഏറ്റവും മിടുക്കനായ വിദ്യാർത്ഥിയാണ് രാഹുൽ.എപ്പോഴും പുഞ്ചിരിക്കുന്ന മുഖം. രാഹുലിനെ ഉറ്റ സുഹൃത്തായി കിട്ടിയതിൽ സാന്ദ്രയ്ക്ക് പലപ്പോഴും അഭിമാനം തോന്നിയിരുന്നു. അടുത്തിടപഴകാൻ തുടങ്ങിയപ്പോഴാണ് പുറമെ കാണുന്നതല്ല രാഹുലിന്റെ ഉള്ളെന്ന് സാന്ദ്രയ്ക്ക് മനസ്സിലായത്. സങ്കടങ്ങളുടെ ഒരു അലകടലൽ അവിടെ ഇളകി മറിയുന്നുണ്ട്. തികച്ചും പ്രയാസം നിറഞ്ഞ കുടുംബ പശ്ചാത്തലമാണ് അയാൾക്ക് ഉള്ളത്.നഗരത്തിന്റെ അരികിലെ ചേരിയിലാണ് അയാളുടെ വീട്. അച്ഛൻ രാഹുലിന്റെ ചെറുപ്പകാലത്തേ മരണപ്പെട്ടു. അമ്മ കൂലിവേല ചെയ്ത് രാഹുലിനെയും ഇളയ സഹോദരി രാധികയെയും വളർത്തി. കോൺക്രീറ്റ് പണിക്കിടെയുണ്ടായ അപകടത്തിൽ പെട്ട് നട്ടെല്ലിന് ക്ഷതം സംഭവിച്ച് അവരിപ്പോൾ കിടപ്പിലാണ്.രാധിക ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയാണ്.

ക്ലാസ് സമയം കഴിഞ്ഞും അവധി ദിവസങ്ങളിലും അമ്മയുടെ പാത പിന്തുടർന്ന് കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടും ശേഷം സമയത്ത് നഗരത്തിൽ കപ്പലണ്ടി വിറ്റുമൊക്കെയാണ് രാഹുൽ കുടുംബം പോറ്റുന്നത്. ചോർന്നൊലിക്കുന്ന വീട് നന്നാക്കണം, അനുജത്തിയുടെ വിവാഹം അമ്മയുടെ ചികിത്സ ഇതൊക്കെയാണ് അയാളുടെ ചുമലിലുള്ള ഉത്തരവാദിത്തങ്ങൾ. സഹപാഠികളും വിദ്യാർത്ഥി പ്രസ്ഥാനവുമൊക്കെ സാമ്പത്തികമായി അയാളെ സഹായിക്കുന്നുണ്ട്. സാന്ദ്ര അച്ഛനോട് പറഞ്ഞ് നല്ല നിലയിൽ സാമ്പത്തിക സഹായം ചെയ്യുന്നുണ്ട്. മിക്ക ദിവസങ്ങളിലും രാഹുലിനുള്ള ഭക്ഷണപ്പൊതിയുമായിട്ടാവും അവൾ കോളേജിലെത്തുക. ഇത്രയും കാലം സാന്ദ്രയ്ക്ക് രാഹുലിനോട് പ്രണയം ഒന്നും തോന്നിയിരുന്നില്ല. പക്ഷേ ക്ലാസുകൾ അവസാനിക്കാറായപ്പോൾ, വേർപിരിയേണ്ടി വരുമെന്ന് തോന്നിത്തുടങ്ങിയപ്പോൾ മനസ്സിൽ ഒരു നീറ്റൽ.

ഇഷ്ടമുള്ളയാളെ വിവാഹം ചെയ്യാൻ അച്ഛനും അമ്മയും അനുവാദം നൽകിയിട്ടുമുണ്ട്. പ്രണയമുണ്ടായാൽ അവരെ അറിയിക്കണമെന്ന് മാത്രമാണ് ഡിമാന്റ് . പൊതുമരാമത്ത് വകുപ്പിൽ എൻജിനീയറായിരുന്ന മോഹൻകുമാറിന്റെയും അനുജയുടെയും പ്രണയ വിവാഹമായിരുന്നു..ഒരുപാട് കോളിളക്കം സൃഷ്ടിച്ച വിവാഹം..

"മോളു വിഷമിക്കണ്ട, അച്ഛൻ അവനെയൊന്നു കണ്ട് സംസാരിക്കാം"
"ഇല്ലച്ഛാ, അവൻ പറഞ്ഞാൽ പറഞ്ഞതാ.എനിക്ക് നന്നായിട്ടറിയാം അവന്റെ സ്വഭാവം."
"ഹ, മോള് ടെൻഷനടിക്കാതെ. എനിക്കും അറിയാമല്ലോ അവനെ. നാളെ അവനെവിടെക്കാണുമെന്ന് വിളിച്ച് ചോദിക്ക്. നമുക്ക് പോയിക്കാണാം."
കോഴ്സും പരീക്ഷയും കഴിഞ്ഞു. റിസൽട്ട് വന്നാൽ പ്രമുഖ ഐ ടി കമ്പനിയിൽ ജോയിൻ ചെയ്യാം. ക്യാമ്പസ് ഇന്റർവ്യൂവിലൂടെ പ്ലേസ്മെൻറ് ആയതാണ് രാഹുലിന്. അതുവരെ വെറുതെയിരിക്കാൻ അയാൾ തയ്യാറല്ല. സാന്ദ്ര വിളിച്ചപ്പോൾ നഗരത്തിലെ ഒരു ഓഡിറ്റോറിയത്തിൽ നടക്കുന്ന വിവാഹത്തിന് സദ്യ വിളമ്പാൻ കേറ്റിംഗ് പാർട്ടിയുടെ കൂടെ എത്തിയിട്ടുണ്ടെന്നാണ് രാഹുൽ പറഞ്ഞത്.

വെളുത്ത ഇന്നോവ പാർക്ക് ചെയ്തപ്പോഴേക്കും രാഹുൽ അവിടേക്ക് വന്നു. കേറ്ററിംഗ് യൂണിറ്റിന്റെ യൂണിഫോമും ക്യാപ്പും അണിഞ്ഞ്.
ഗുഡ് മോണിംഗ് സാർ.രാഹുൽ മോഹൻകുമാറിനെ അഭിവാദ്യം ചെയ്തു.
"എന്തു പറ്റി സാന്ദ്ര?"ഒന്നും അറിയാത്തവനെപ്പോലെ അയാൾ ചോദിച്ചത് സാന്ദ്രയ്ക്ക് ഇഷ്ടമായില്ല. അവൾ മുഖം വീർപ്പിച്ച് നിന്നു.
"ഗുഡ് മോർണിംഗ്.രാഹുൽ തിരക്കിലാണോ? കുറച്ച് കാര്യങ്ങൾ സംസാരിക്കാനുണ്ടായിരുന്നു''
തിരക്കായില്ല സർ.കല്യാണത്തിന് ഒന്നര മണിക്കൂർ കൂടിയുണ്ട്."
"വരൂ രാഹുൽ" മോഹൻ കുമാർ രാഹുലുമായി പാർക്കിംഗ് ഏര്യായിൽ തണൽ വിരിച്ച് നിൽക്കുന്ന വാകമരത്തിന്റെ ചുവട്ടിലേക്ക് മാറിനിന്നു. സാന്ദ്ര മൊബൈലിൽ എന്തൊ സെർച്ച് ചെയ്ത് ഇന്നോവയിൽ ചാരി നിന്നു.
" രാഹുൽ, എന്റെ മകൾ താങ്കളോട് അവളുടെ ഇഷ്ടം അറിയിച്ചിരുന്നു എന്ന് അവൾ പറഞ്ഞു.

തന്നെ എനിക്ക് നന്നായിട്ട് അറിയാവുന്നതുകൊണ്ടാണ് ഞാൻ സംസാരിക്കാനായി വന്നത്. രാഹുലിന്റെ പരിമിതികളും ഗുണങ്ങളും എനിക്കറിയാം....സാധാരണ ഗതിയിൽ ചോദിക്കാൻ പാടില്ലാത്തതാണ്. എന്റെ മകളുടെ കാര്യമായതുകൊണ്ട് ചോദിക്കുകയാ.ഇത് സംബന്ധിച്ച് ഒരുവട്ടം കൂടി ആലോചിച്ചു കൂടെ?"സർ, ഞാൻ നിങ്ങളെയൊക്കെ അങ്ങേയറ്റം ബഹുമാനത്തോടു കൂടി കാണുന്നവനാണ്. നിങ്ങടെകൂടി ചോറുണ്ടും സാമ്പത്തിക സഹായം കൊണ്ടുമാണ് ഞാൻ പഠിച്ചത്.സാറിന് എന്റെ വീട്ടിലെ സാഹചര്യങ്ങൾ അറിയാവുന്നതാണല്ലോ! സമൂഹത്തിൽ എന്റെ ചുറ്റുപാടും സാറിന്റെ നിലയും വിലയും തമ്മിൽ ഒരു പാട് വ്യത്യാസമുണ്ട്. ചേരീന്ന് മാറി ഒരു വീട് വയ്ക്കണം. അമ്മയെ ചികിത്സിക്കണം. അനിയത്തിയുടെ വിദ്യാഭ്യാസം, വിവാഹം.... ഉത്തരവാദിത്തങ്ങൾ ഒരുപാടുണ്ട് സർ. അതിനിടയിൽ. ഞാനിപ്പോൾ ഒരു വിവാഹത്തെപ്പറ്റി ചിന്തിക്കുന്നേയില്ല... മാത്രമല്ല സർ, എനിക്ക് സാന്ദ്രയെ അങ്ങനെ കാണാനാവില്ല. എന്റെ നല്ല സുഹൃത്താണവൾ.. പൂവിട്ട് പൂജിക്കപ്പെടേണ്ടവൾ....രാഹുലിന്റെ സ്വരം പതറുന്നുണ്ടായിരുന്നു.



കുട്ടീ, നിനക്കറിയുമോന്നറിയില്ല. ഞാനും ഒരു പാട് കഷ്ടതകളനുഭവിച്ച് വളർന്നതാ. എത്രയോ ദിവസം പട്ടിണി കിടന്നിട്ടുണ്ട്.ഒരു വസ്ത്രം തന്നെ പിഞ്ചി കീറുന്നടം വരെ ഉപയോഗിച്ചിട്ടുണ്ട്. എനിക്കറിയാം നിന്റെ പ്രയാസങ്ങൾ. നിന്നെ ഞാൻ മനസ്സിലാക്കുന്നു. നിനക്കെന്തു വേണമെന്ന് പറയൂ. നിന്റെ അമ്മയുടെ ചികിത്സ സഹോദരിയുടെ വിദ്യാഭ്യാസം, വിവാഹം, നിന്റെ വീടെന്ന സ്വപനം എല്ലാം ഞാൻ ഏറ്റെടുക്കാം"സർ, പ്ലീസ്...മോഹൻകുമാറിന്റെ സംസാരത്തിന് രാഹുൽ തടയിട്ടു.സർ, ഇത്തിരി കഷ്ടപ്പെട്ടിട്ടാണെങ്കിലും ഇതൊക്കെ അദ്ധ്വാനിച്ച് തന്നെ നേടണമെന്നാ എന്റെ ആഗ്രഹം. സാറ് പറഞ്ഞ വാഗ്ദാനങ്ങൾക്ക് വഴങ്ങിയാൽ ഞാൻ എന്നെങ്കിലുമൊക്കെ അതിന്റെ പേരിൽ തല കുനിക്കേണ്ടി വരും. എന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റിയില്ലെങ്കിലും തലയുയർത്തി ജീവിക്കാമല്ലോ. പിന്നെ, സാറ് കഷ്ടപ്പാട് അറിഞ്ഞ് വളർന്നത് ശരി തന്നെയാ. പക്ഷേ അവളങ്ങനെയല്ലല്ലോ! സമൃദ്ധിയുടെ നടുവിലേക്കല്ലേ അവൾ ജനിച്ചു വീണത്.ഒരിടവേളയിട്ട് മോഹൻകുമാർ ഒരു സിഗരറ്റ് കത്തിച്ച് പുകയൂതി വിട്ടു.തനിക്കെന്റെ മോളെ ശരിക്ക് മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു, ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമറിയിച്ചു തന്നെയാണ് അവളെ ഞങ്ങൾ വളർത്തിയത്.തനിക്കറിയാമോ വീട്ടിൽ അത്യാവശ്യമില്ലാത്ത എന്തു വാങ്ങിയാലും അവൾ വഴക്കിടും. എനിക്കൊരുടുപ്പോ അവടമ്മയ്ക്കൊരു സാരിയോ വാങ്ങിയാൽ, എന്തിന് അവൾക്ക് ഒരു ചുരിദാറ് വാങ്ങണമെങ്കിൽ പോലും പഴയതൊന്നു കീറണം.സർ, സാധനങ്ങൾ വാങ്ങുന്ന കാര്യമല്ല ഞാനുദ്ദേശിച്ചത്. അവൾ വളർന്ന ഒരു സോഷ്യൽ സ്റ്റാറ്റസ്സുണ്ടല്ലോ. അവിടെ ഞങ്ങൾ തമ്മിൽ ഒരു പാട് അകലമുണ്ട്. ഒരു ഫ്രണ്ടെന്ന നിലയിലേ ഞാൻ അവൾക്ക് ചേരൂ. ബാക്കിയൊക്കെ അവളുടെ പ്രായത്തിന്റെ പക്വമല്ലാത്ത ചിന്തകളാണ്. പ്രണയം തോന്നുമ്പോൾ ഉള്ളിൽ അടക്കി വയ്ക്കുന്ന ചിന്തകളൊക്കെ പിന്നീട് ചങ്ങല പൊട്ടിച്ച് പുറത്ത് ചാടും. ഞങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നോളാം സർ, അതാണ് നല്ലത്. മറ്റെന്തെങ്കിലും ഞാൻ ചിന്തിച്ചിട്ടുപോലുമില്ല.....അവക്കെന്തു പറ്റിയെന്നാ എനിക്ക് മനസ്സിലാകാത്തത്.താൻ ഫിലോസഫി പഠിച്ചിട്ടുണ്ടോ? മോഹൻകുമാറിന്റെ ചോദ്യം കേട്ട് രാഹുലും ചിരിച്ചു.വെറും ഫിലോസഫിയല്ല സാർ ഇതൊക്കെ യാഥാർത്ഥ്യങ്ങളാണ്. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കുമെന്ന് കേട്ടിട്ടില്ലേ.എന്തോന്ന് സോഷ്യൽ സെറ്റപ്പ്. അതൊക്കെ നമ്മളുണ്ടാക്കുന്നതല്ലേ. നമ്മുടെ കാഴ്ചപ്പാടിന്റെ പ്രശ്നമാണത്.കട്ടും മോട്ടിച്ചും കാശുണ്ടാക്കുന്നവനേയും തൊഴുന്ന മാന്യന്മാരാ നമ്മുടെ സൊസൈറ്റീല്. ചില മാന്യദേഹങ്ങളുടെ തനിനിറം കാണണമെങ്കിൽ നേരമൊന്നിരുട്ടിയാൽ മതി.പോവാൻ പറ. സോഷ്യൽ സ്റ്റാറ്റസ്..... ത്ഫൂ.....മോഹൻകുമാർ നീട്ടിത്തുപ്പി.സർ, പ്ലീസ് എന്നെ നിർബന്ധിക്കരുത്.ധർമ്മസങ്കടത്തിലേക്ക് നീങ്ങിയെങ്കിലും ഈ ആലോചനയ്ക്ക് പിടികൊടുക്കരുതെന്ന് രാഹുലിന് നിർബന്ധമുണ്ടായിരുന്നു. തനിക്ക് ഓഡിറ്റോറിയത്തലേക്ക് മടങ്ങാൻ സമയമായെന്ന് അയാൾ മോഹൻകുമാറിനെ ഓർമ്മിപ്പിച്ചു.എന്നാൽ അങ്ങനെയാവട്ടെ രാഹുൽ.സത്യത്തിൽ എനിക്കിപ്പോൾ തന്നോട് ദേഷ്യവും അതിലേറെ സ്നേഹവും ബഹുമാനവുമാണെടോ. മോളോട് കാര്യം പറഞ്ഞ് മനസ്സിലാക്കിക്കോളാം. തന്റെ പണി നടക്കട്ടെ.ഓക്കെ ബൈ..നേരിയ ഇടർച്ച മോഹൻകുമാറിനെ ബാധിച്ചിരുന്നു.

ആ പിന്നേ, ഇങ്ങനൊരു സംസാരം ഉണ്ടായതു കൊണ്ട് താൻ പിണങ്ങരുത്. പഴയതുപോലുള്ള സഹകരണം ഉണ്ടാവണം.
കൈ വീശി തിരികെ നടന്ന് ഒന്നു രണ്ട് ചുവട് വച്ച് നിന്ന ശേഷം മോഹൻ കുമാർ പറഞ്ഞു.
തീർച്ചയായും സർ.
എരിഞ്ഞ് തീരാറായ സിഗരറ്റ് മണ്ണിലിട്ട് ചവിട്ടി ഞെരിച്ച് അയാൾ കാറിനരികിലേക്ക് നടന്നു. രാഹുലിന്റെയും തന്റെ അച്ഛന്റെയും ശരീരഭാഷയിൽ നിന്നും അവരുടെ സംഭാഷണത്തിന്റെ ഏറെക്കുറെയുള്ള രൂപം ദൂരെ നിന്നേ സാന്ദ്ര മനസ്സിലാക്കിയിരുന്നു. വിദൂരതയിലേക്ക് കണ്ണ്നട്ട് നിന്നിരുന്ന അവൾ മോഹൻകുമാർ എത്തുന്നതിന് മുമ്പേ കാറിൽ കയറി പിന്നിലേക്ക് ചാഞ്ഞിരുന്നു.

പോവാം മോളേ.

കാർ സ്റ്റാർട്ട് ചെയ്ത് അയാൾ പറഞ്ഞു.
സാന്ദ്ര നിർവികാരതയോടെ സമ്മതം മൂളി. വണ്ടി നീങ്ങിത്തുടങ്ങിയപ്പോൾ അവൾ തിരിഞ്ഞ് രാഹുലിനെ നോക്കി. മരത്തണലിൽ തന്നെത്തന്നെ നോക്കി നിന്ന് കൈ വീശുന്ന രാഹുലിനെ അവൾ കണ്ടു. കാർഗേറ്റ് കടന്ന് പുറത്തേക്കിറങ്ങി.
ഓഡിറ്റോറിയത്തിൽ അപ്പോൾ കല്ല്യാണ മേളം മുറുകിത്തുടങ്ങിയിരുന്നു.

ആൺകോയ്മയും സവർണതയും സിനിമയിൽ



ഉണ്ണികൃഷ്ണൻ . എം

സിനിമകൾ നമ്മെളെ സ്വാധീനിക്കും എന്ന് പറഞ്ഞാൽ പലരും ഉൾകൊള്ളാൻ തയ്യാറാവില്ല . പക്ഷേ സിനിമകൾ നമ്മളെ വളരെ ഏറെ സ്വാധീനിക്കുന്നുണ്ട് അതിനു ഉദാഹരണങ്ങളാണ് നമ്മുടെ ജീവിത രീതികളിൽ പലതും . നടീ - നടന്മാരുടെ വസ്ത്ര രീതിയും അവരുടെ സംഭാഷണങ്ങളും നമ്മൾ അനുകരിക്കാറുണ്ട് .അതുകൊണ്ടു തന്നെ ചലച്ചിത്ര താരങ്ങളുടെ ശബ്ദം അനുകരിക്കുന്ന പല മിമിക്രി താരങ്ങളേയും നമ്മൾ പ്രോത്സാഹിപ്പിക്കുന്നു .

അതു പോലെ തന്നെ ആണ് സിനിമയിലെ സ്ത്രീ വിരുദ്ധതയും, സവർണതയും .1980-90 കളിൽ മലയാള സിനിമകളിൽ സ്ത്രീകളെ മർദ്ദിച്ച് നന്നാക്കുന്ന സിനിമകൾക്ക് പ്രേക്ഷകർ ഏറെ ഉണ്ടായിരുന്നു ,ഇപ്പോഴും അത്തരം പ്രേക്ഷകർ കുറവല്ല , അഹങ്കാരികളായ സ്ത്രീകളെ പുരുഷന്മാരുടെ കൈയ്യേറ്റം കൊണ്ട് നാന്നവുമെന്ന സ്ഥിരം ശൈലിയിലുള്ള സിനിമകൾ ഇപ്പോഴും ഉണ്ട്.ഇത്തരം സിനിമകൾ കാണുന്ന പുരുഷന്മാർ സ്ത്രീകളെ നന്നാക്കാനായി അവർ സ്ത്രീകളെ തന്റെ അടിമയാക്കി മാറ്റുന്നു.സ്ത്രീകളും മോശമല്ല ഇത്തരം സിനിമകൾ അവരെയും സ്വാധീനിക്കും , പുരുഷന്മാരുടെ അടിമകളായി ജീവിക്കുന്നതാണ് സ്ത്രീകളുടെ ജീവിതം എന്ന് അവരും തെറ്റിദ്ധരിക്കുന്നു.
പിന്നെ ഉള്ളത് സിനിമകളിലെ സ്ത്രീ കഥാപാത്രങ്ങൾക്ക് പ്രാധാനയമില്ലായ്മയും കഥാപാത്രത്തിന്റെ പൂർണതയില്ലായ്മയുമാണ്. എങ്കിലും സ്ത്രീ പ്രാധാന്യമുള്ള പല സിനിമകളും ഇറങ്ങുന്നുണ്ട് അതിൽ കുറേ എണ്ണം വിജയിക്കുന്നു എന്നതിൽ സന്തോഷമുണ്ട്.

സിനിമകളിലെ സവർണത , നമ്മുടെ ഇഷ്ട സിനിമകളിലെ നായകന്മാരുടെ കഥാപാത്രങ്ങൾ പലതും സവർണമായിരിക്കും. ഇത് പലപ്പോഴും സംവിധായകരുടെ കുഴപ്പം മാത്രമല്ല നമ്മുടെ പ്രേക്ഷക സമൂഹത്തിലെ ഭൂരിപക്ഷത്തെ തൃപ്തിപ്പെടുത്താനുള്ള പെടാപ്പാടാണ്.നായകന്മാർ സവർണ്ണർ ആയാൽ മാത്രമേ സിനിമയിൽ മാസ്സ് രംഗങ്ങൾക്ക് പ്രേക്ഷക സ്വീകാര്യത ലഭിക്കുള്ളൂ എന്ന ചിന്താഗതിയാണ് .ഇതും നമ്മുടെ പഴയ കാല സിനിമകൾ തൊട്ട് ഇപ്പോഴത്തെ സിനിമകൾ വരെ തുടരുന്നു. ജാതിമത വ്യവസ്ഥ സമൂഹത്തിൽ നിന്നും കുറച്ച് മാറിയെങ്കിലും സിനിമകളിൽ ഇപ്പോഴും തുടരുന്നു .ഇതും നമ്മളെ സ്വാധീനിക്കുന്നു ,ഇങ്ങനെ സ്വാധീനിക്കുന്ന ഘടകങ്ങൾ നമ്മൾ നമ്മുടെ ജീവിതത്തിൽ പ്രകടിപ്പിക്കുന്നു.



ഒരപ്പൂപ്പൻ താടിപോലെ




കഥ

പി. എസ്. പ്രസാദ്

താനൊരു പഞ്ഞിക്കെട്ടുപോലെ ആകാശത്തിൽ പറന്നു നടക്കുകയാണ് . കണ്ണുകൾ ഇറുക്കിയടച്ചു കിടന്നു. തന്റെ ശരീരം ആകാശത്തിൽ പറന്നു നടക്കുന്ന വെൺമേഘങ്ങളിൽ സ്പർശിക്കുന്നതായും അവ തങ്ങളുടെ മൃദുലമായ കരങ്ങൾ നീട്ടി തന്നെ സ്പർശിക്കുന്നതായും അനുഭവപ്പെട്ടു.എത്ര സമയം കടന്നു പോയെന്നറിയില്ല , മുല്ലപ്പൂക്കളുടെ തീഷ്ണ ഗന്ധം മൂക്കിലേക്കടിച്ചു കയറി. അതു തന്റെ ശരീരത്തിലേക്കും മനസ്സിലേക്കും അലിഞ്ഞിറങ്ങുന്നു. സുഖമുള്ള തണുത്ത കാറ്റ് തന്നെ തഴുകുന്നു. മാസ്മരികമായ ഒരു സുഗന്ധം എങ്ങും നിറഞ്ഞു നിൽക്കുന്നു.

ഈ സ്ഥിതിയിൽ കണ്ണു തുറക്കാൻ തോന്നുന്നില്ല. എന്നാൽ എവിടെ നിന്നോ ഒഴുകിയെത്തുന്ന കിളികളുടെ മനോഹരമായ സംഗീതം കണ്ണു തുറക്കാൻ പ്രേരിപ്പിക്കുന്നു. സാവകാശം പ്രകൃതിയുടെ ഓർക്കസ്ട്രാ കൂടുതൽ വ്യക്തമായി കേട്ടു തുടങ്ങിയപ്പോൾ അയാൾ സാവകാശം കൺപോളകൾ വിടർത്തി.



കണ്ണഞ്ചിക്കുന്ന അതി മനോഹര കാഴ്ചയാണ് മുമ്പിൽ തെളിഞ്ഞത്. വസന്തം സർവ്വാഭരണവിഭൂഷിതയാക്കിയ പ്രകൃതി ജഗത്മോഹിനിയായി തന്റെ മുമ്പിൽ നിറഞ്ഞു നിൽക്കുന്നു. "ലോകത്തിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിതാണ്, ഇതാണ്, ഇതാണ് " എന്നു മുഗൾ ചക്രവർത്തിമാർ വാഴ്ത്തിയ " ഷാലിമാർ ,ശശ്മശാഖി " തുടങ്ങിയ ആരാമങ്ങളെ വെല്ലുന്ന കാഴ്ച . ഞാനിപ്പോൾ ഈ പൂന്തോട്ടങ്ങളുടെ മുകളിൽ ഒഴുകി നീങ്ങുകയാണ്. സുഗന്ധവാഹിയായ ഇവിടെത്തെ കുളിർ കാറ്റിന് ഏതൊരു ഹൃദയ ഹാരിത പൂത്തുലഞ്ഞു നില്ക്കുന്ന വൃക്ഷലതാദികൾ പുറപ്പെടുവിക്കുന്ന സുഗന്ധം പഞ്ചേന്ദ്രിയങ്ങളെ ഭ്രമിപ്പിച്ച് ശരീരത്തിനുള്ളിലേക്ക് അലഞ്ഞിറങ്ങുന്നതായനുഭവപ്പെടുന്നു. പ്രകൃതി ഇത്ര മനോഹരിയായി താനൊരിക്കലും കണ്ടിട്ടില്ല.



കുറച്ചകലെ മാറി പാറക്കെട്ടിൽ തട്ടി കിലുകിലാരവത്തോടെ പതഞ്ഞൊഴുകുന്ന ഒരരുവി . ഇതിലെ സ്ഫടികസമാനമായ ജലത്തിൽ ചെറുതും വലുതുമായ മത്സ്യങ്ങൾ പുളച്ചുല്ലസിക്കുന്നു. ഈ അരുവിയുടെ തീരത്തു നില്ക്കുന്ന വൃക്ഷങ്ങെളെല്ലാം പൂത്തുലഞ്ഞു നില്ക്കുന്നു. എന്തൊരു ഭംഗിയാണാ പൂവുകൾക്ക് . പല നിറത്തിലുള്ള കുരുവികൾ ചിലച്ചു കൊണ്ട് പൂക്കൾ തോറും പാറിക്കളിക്കുന്നു. വലിപ്പമേറിയ പഴങ്ങൾ ഈ വൃക്ഷങ്ങളിൽ നിറഞ്ഞു നില്ക്കുന്നു. പഴുത്ത പഴങ്ങളുടെ ഗന്ധം രസനകളെ ഉദ്ദീപിപ്പിക്കുന്നതായും വിശപ്പിനെ തട്ടിയുണർത്തുന്നതായും അനുഭവെട്ടു.

താനിപ്പോഴെവിടെയാണെന്നറിയാനുള്ള ജിജ്ഞാസ വീണ്ടും തലപൊക്കിയപ്പോൾ താൻ ചുറ്റും നോക്കി. ഒന്നും മനസ്സിലാകുന്നില്ല. സുന്ദരിയായ പ്രകൃതി ഒരു സമസ്യയായി ഉള്ളിൽ നിറഞ്ഞു നിന്നു.

ചുറ്റും പരതുന്നതിനിടയിലാണ് അപ്രതീക്ഷിതമായി ആ കാഴ്ച കണ്ടത് ഒരു കയർ. അതിന്റെ ഒരറ്റം തന്റെ അടുത്തേക്കാണ് നീങ്ങി കിടക്കുന്നത്. ഉദ്വേഗത്തോടെ നോക്കിയപ്പോഴാണ് ഞെട്ടിക്കുന്ന ആ പരമാർത്ഥം ബോധ്യപ്പെട്ടത്. ആ കയറിന്റെ ഒരഗ്രം തന്റെ രണ്ടു കൈകളേയും കൂട്ടി ബന്ധിപ്പിച്ചിരിക്കുകയാണ്. പരിഭ്രമത്തോടെ കാലുകൾ അനക്കാൻ ശ്രമിച്ചു. അവയും ബന്ധനത്തിലാണ്. കോപവും താപവും വർദ്ധിച്ച താൻ ആരാണ് തന്നെ ബന്ധിച്ചെതെന്നറിയാൻ മുൻപിലേക്കു നോക്കി. രോമാവൃതമായ ഒരു ഉരുക്കു മുഷ്ടിക്കുള്ളിലാണ് തന്നെ ബന്ധിച്ച കയറിന്റെ മറ്റേ അറ്റം എന്നു ബോധ്യപ്പെട്ടു. ഒരു ഞെട്ടൽ തന്റെ ശരീരമാസകലം വ്യാപിക്കുന്നതറിഞ്ഞു. ഭീമാകാരമായ ഒരു കറുത്ത ശരീരമാണ് തന്റ മുമ്പിലുള്ളതെന്ന് മനസ്സിലായി. ഇരുട്ടിൽ തിളങ്ങുന്ന ഒരു കിരീടം അയാൾ ധരിച്ചിരുന്നു. കറുത്തിരുണ്ട പുരികത്തിനു കീഴിൽ ക്രൗര്യം നിറഞ്ഞ രണ്ട് ഉണ്ടക്കണ്ണുകൾ തീക്കട്ടകൾ പോലെ ജ്വലിച്ചു. ആരെയും ഭീതിയിലാഴ്ത്തുന്ന കൊമ്പൻ മീശ. അതു മുഖത്തിന്റെ ഭീകരത വർദ്ധിപ്പിച്ചു. ശ്രദ്ധിച്ചപ്പോൾ ഒരു ഭീകര രൂപിയായ ഒരു മൃഗത്തിന്റെ പുറത്താണ് ഇരിക്കുന്നതെന്ന് മനസ്സിലായി. ആ മൃഗത്തിന്റെ കൂർത്ത മൂർത്ത ഭീഷണമായെ മുകളും വജ്രംപോലെ ജ്വലിക്കുന്ന കണ്ണുകളും ഒരു ഞെട്ടലോടെ നോക്കിക്കണ്ടു. " കാലൻ " മനസ്സു മന്ത്രിച്ചു.

പതർച്ചയോടെയൊണെങ്കിലും ധൈര്യം സംഭരിച്ച് വിളിച്ചു ചോദിച്ചു. "ആരാണ് നിങ്ങൾ എന്തിനാണ് എന്നെ ബന്ധിച്ചിരിക്കുന്നത് ? എന്നെ നിങ്ങൾ എങ്ങോട്ടു കൊണ്ടുപോകുന്നു?"

മൂന്നു ചോദ്യങ്ങളും ഒറ്റ ശ്വാസത്തിലാണ് ചോദിച്ചു തീർന്നത് മറുപടി നടുക്കുന്ന ഒരു പൊട്ടിച്ചിരിയായിരുന്നു. " ഞാനാണ് യമധർമ്മൻ " . ഭൂമിയിലെ നിങ്ങളുടെ മനുഷ്യ ജന്മം തീർന്നിരിക്കുന്നു. നിങ്ങളുടെ നന്മതിന്മകൾ രേഖപ്പെടുത്തി വച്ചിട്ടുള്ള ചിത്രഗുപ്തന്റെ അടുത്തേയ്ക്കാണ് നിങ്ങളെ കൊണ്ടുപോകുന്നത്. നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് അദ്ദേഹമാണ്." എനിക്ക് കുറേക്കാലം കൂടി ഭൂമിയിൽ ജീവിക്കാൻ ആഗ്രഹമുണ്ട്. അങ്ങ് അതിനെന്നെ അനുവദിക്കണം '' സാദ്ധ്യമല്ല " യമധർമ്മൻ പറഞ്ഞു. ഭൂമിയിലെ കാലാവധി കഴിഞ്ഞാൽ പിന്നെ അവിടെ ഒരു മിനിട്ടു പോലും കഴിയാൻ അവസരമില്ല.
ഭൂമിയിൽ ഞാൻ പണിത മൂന്നുനില മാളികയും ബാങ്കിലുള്ള അറുപത്തിരണ്ടുകോടി രൂപയും എന്റെ മുഴുവൻ സമ്പാദ്യവും ഞാൻ താങ്കൾക്ക് നൽകാം. ഒരു ദിവസമെങ്കിലും ഭൂമിയിൽ കഴിയാൻ എന്നെ അനുവദിക്കണം. ഹാ .... ഹാ .... ഹാ .... യമധർമ്മൻ പൊട്ടിച്ചിരിച്ചിട്ടു പറഞ്ഞു "എടോ വിഡ്ഢിയായ മനുഷ്യ തന്റെ മാളികയും സമ്പത്തും എനിക്ക് തൃണ തുല്യമാണ് , അതൊക്കെ ഭൂമിയിലേ ഉപകാരപ്പെടു".

എങ്കിൽ ഒരുപകാരം ചെയ്യുമോ?. നാം കടന്നുപോന്ന വഴിയിൽ കണ്ട മനോഹരമായ പൂന്തോട്ടമേതാണ് ?. "മഠയാ " യമധർമ്മൻ പ്രതിവചിച്ചു.. നീ ഭൂമിയിൽ 80 വർഷം ജീവിച്ച ഭൂമിതെന്നെയാണത്. കണ്ടിട്ടും നിനക്കെന്തേ മനസ്സിലായില്ല. സ്വർഗ്ഗീയ സൗന്ദര്യം നിറഞ്ഞ ഈ പറുദീസ്സയിലേയ്ക്കാണ് നിന്നെ ഈശ്വരൻ ജീവിക്കാനായി അയച്ചത്. എല്ലാ ജീവജാലങ്ങൾക്കും സുഭിക്ഷമായി, ആനന്ദത്തോടെ ജീവിക്കാനുള്ള സൗകര്യം അവിടുണ്ട് എന്നാൽ നീ അവയൊന്നും കണ്ടില്ല. ആ സ്വർഗ്ഗീയ സൗന്ദര്യം ആസ്വദിക്കാൻ മിനക്കെട്ടില്ല. നീ അന്ധനെപ്പൊലെ ജീവിച്ചു. നിന്റെ നോട്ടവും ശ്രദ്ധയും പണമുണ്ടാക്കുന്നതിൽ മാത്രമായിരുന്നു. സുന്ദരമായ ഈ ഭൂമിയും അനന്തമായ ആനന്ദത്തിന്റെ സ്വർഗ്ഗീയ നിക്ഷേപങ്ങളും കാണാനും ആസ്വദിക്കാനും നിനക്കു കഴിഞ്ഞില്ല. അടുത്തു നിന്ന സ്വന്തം സഹോദരനെ നീ കണ്ടില്ല. സ്നേഹത്തിന്റെ മൂല്യം നീ അനുഭവിച്ചില്ല. നീ കണ്ടതും അന്വഷിച്ചതും നശ്വരമായ ധനം മാത്രം. ഇവയൊന്നും നിന്നെ ഇനി സഹായിക്കില്ല. ഇവിടെ അവയല്ലാം ശൂന്യമാണ്.

" ഒരൊറ്റ ദിവസം കൂടി ഈ സുന്ദരമായ ഭൂമിയിൽ ജീവിക്കാൻ അങ്ങെന്നെ അനുവദിക്കുമോ ? ഞാൻ കാലുപിടിച്ചപേക്ഷിക്കുകയാണ് " . ഒരു ദിവസം പോയിട്ട് ഒരു നിമിഷം പോലും ഇനി നിനക്കു കിട്ടില്ല. അതാ നാം ചിത്രഗുപ്തന്റെ മാളിക വാതിലിൽ എത്തിക്കഴിഞ്ഞു. ഭീമാകാരമായ ചിത്രഗുപ്തന്റെ കൊട്ടാര വാതില്ക്കൽ തന്നെ സ്വാഗതം ചെയ്യാൻ അദ്ദേഹം എത്തിയിരുന്നു. അവിടെ വച്ചിരുന്ന ഭീമാകാരമായ പുസ്തകം ഉൽക്കിടിലത്തോടെ നോക്കി നിന്നപ്പോൾ തന്റെ ഹാജർ വിളി മുഴങ്ങി.



ഐതീഹ്യം





വിസ്മി വിനോദ്
സ്റ്റാഡേർഡ് 10
സെൻറ് ഷന്താൾസ് ഹൈസ്കൂൾ
മാമ്മൂട്

കേരളീയരുടെ ദേശീയോൽസവമാണ് ഓണം. അത്തം നാൾ മുതൽ ഓണാഘോഷം തുടങ്ങുന്നു. ചിങ്ങമാസത്തിലെ തിരുവോണാനാളാണ് പ്രധാനം. പണ്ട് മഹാബലി എന്ന ആസുര രാജാവ് കേരളം ഭരിച്ചിരുന്നു. അക്കാലത്ത് കളവും ചതിയും ഇല്ലാതെ മനുഷ്യരെല്ലാവരും ഒന്നുപോലെ സ്നേഹത്തോടെ കഴിഞ്ഞിരുന്നു. മഹാബലിയുടെ ഭരണത്തിൽ അസൂയപൂണ്ട ദേവന്മാർ മഹാവിഷ്ണുവിനെ ചെന്ന് കണ്ട് മഹാബലിയുടെ ഭരണം അവസ്സാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. മഹാവിഷ്ണു വാമനനായി ഭൂമിയിൽ അവതരിച്ച് തനിക്ക് തപസ് ചെയ്യാൻ സ്ഥലം വേണമെന്ന് മഹാബലിയോട് ആവശ്യപ്പെട്ടു.ധാനശീലനായ മഹാബലി വേണ്ടത്ര സ്ഥലം അളെന്നെടുത്തുകൊള്ളാൻ വാമനനെ അനുവദിച്ചു .അപ്പോഴേക്കും വാമനൻ ആകാശത്തോളം വളർന്നു , ആദ്യപാദത്തിൽ ഭൂമിയും, രണ്ടാം പാദത്തില് ആകാശവും അളന്നു കഴിഞ്ഞ വാമനൻ മൂന്നാമത്തെ അടിവയ്ക്കാൻ സ്ഥലമെവിടെ എന്നു മഹാബലിയോടെ ചോദിച്ചു , ഭൂമിയും ആകാശവും അല്ലാതെ മറ്റൊരു ദേശവും കൈവശ്യമില്ലാതിരുന്ന മഹാബലി തന്റെ ശിരസ്സ് താഴ്ത്തി നിന്നു ,മൂന്നാമത്തെ അടിവയ്ക്കാൻ സ്ഥലമില്ലായതിരുന്ന വാമനൻ മഹാബലിയുടെ ശിരസ്സിൽ ചവിട്ടി പാതാളത്തിലേക്ക് താഴത്തി . മറയുന്നതിന് മുമ്പ് വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാൻ അവസരം തരണമെന്ന് മഹാബലി അപേക്ഷിച്ചു. അതനുസരിച്ച് വർഷത്തിലൊരിക്കൽ പ്രജകളെ കാണാൻ വാമനൻ അനുവാദം കൊടുത്തു. അന്നുമുതൽ എല്ലാവർഷവും ചിങ്ങമാസത്തിലെ തിരുവോണനാളിൽ മഹാബലി നാടു കാണാൻ വരുമെന്നാണ് സങ്കല്പം. അതിനായി ജനം പൂക്കളമൊരുക്കി കാത്തിരിക്കുന്നു. കേരളീയർ ഉള്ളടത്തെല്ലാം ഓണം ആഘോഷിക്കുന്നുണ്ട്. പ്രായഭേദമാന്യേ എല്ലാവരും ഓണക്കളികളിൽ ഏർപ്പെടുകയും വിഭവസമൃദ്ധമായ സദ്യ ഒരുക്കുകുകയും ചെയ്യുന്നു . തിരുവാതിരകളി ,തുമ്പിതുള്ളൽ, ,പന്തുകളി,വള്ളംകളി,കടുവാകളി ഇതൊക്കെയാണു ഓണനാളുകളിലെ പ്രധാന വിനോദങ്ങൾ . ഊഞ്ഞാലാടിയും പുതുവസ്ത്രങ്ങളണിഞ്ഞും മലയാളി ഓണം ആഘോഷിക്കുന്നു. ഓരോ ഓണം കഴിയുമ്പോഴും അടുത്ത ഓണത്തിനുവേണ്ടി മലയാളികൾ കാത്തിരിക്കുന്നു . ഒരുമയുടേയും സ്നേഹത്തിന്റെയും മഹത്തായ സന്ദേശമാണ് ഓണം നമുക്ക് സമ്മാനിക്കുന്നത് .



പൊതുവിജ്ഞാനലോകം

- ഐസിസിയുടെ ഇൻറർനാഷനൽ പാനൽ ഓഫ് അമ്പയയെർസിലോട്ട് തെരഞ്ഞെടുക്കപ്പെട്ട മലയാളി ?
  ഉത്തരം : കെ. എൻ. അനന്തപത്മനാഭൻ
- അമേരിക്കയിലെ വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനർത്ഥിയായ ഇന്ത്യൻ വംശജ ?
  ഉത്തരം : കമലാ ഹാരിസ്
- 2020 ആഗസ്റ്റ് 20 ൽ ബഹിരാകാശ മേഖലയിലെ ഗവേഷണങ്ങൾ ലക്ഷ്യമിട്ട് ഇന്ത്യയുമായി സഹകരിക്കുന്ന രാജ്യം ?
  ഉത്തരം : നൈജീരിയ
- 2020 ആഗസ്റ്റിൽ പുതിയ സ്റ്റേറ്റ് ലോഗോ പുറത്തിറക്കിയ സംസ്ഥാനം ?
  ഉത്തരം : ജാർഖണ്ഡ്
- തിരുവിതാംകൂറിന്റെ ആദ്യത്തെ പ്രധാനമന്ത്രി ?
  ഉത്തരം : പട്ടം താണുപിള്ള
- വിമാനത്തിന്റെ വേഗത അളക്കുന്ന ഉപകരണം ?
  ഉത്തരം : ടാക്കോമീറ്റർ
- ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നല്കിയ ബ്രിട്ടീഷ് ഓഫീസർ ?
  ഉത്തരം : ജനറൽ ഡയർ
- ഇന്ത്യൻ അച്ചടിയുടെ പിതാവ് ?
  ഉത്തരം :ജെയിംസ് അഗസ്റ്റസ് ഹിക്കി
- ബംഗ്ലാദേശിൽ ബ്രഹ്മപുത്ര നദി അറിയപ്പെടുന്നത് ?
  ഉത്തരം : ജമുന
- DxT ഏതു വിളയുടെ അത്യുല്പാദന ശേഷിയുള്ള വിത്താണ് ?
- ഉത്തരം :നാളികേരം

പാചകപംക്തി  മനു ഗോപിനാഥ്

പുതിന സ്ക്വാഷ്

ചേരുവകൾ

- **പുതിന - 50 gm**
- **സിട്രിക് ആസിഡ് - 20 gm**
- **വെള്ളം - 2 ലിറ്റർ**
- **പഞ്ചസാര - 1.600 gm**
- **പാൽ - 50 ml**

പാചകം ചെയ്യുന്ന വിധം

- ചുവട് കട്ടിയുള്ള പാത്രത്തിൽ പഞ്ചസാരയും വെള്ളവും ചേർത്ത് ലയിപ്പിക്കുക.
- പുതിന ചെറിയ കഷണങ്ങളായി അരിയുക.
- ലയിപ്പിച്ച പഞ്ചസാര അടുപ്പിൽ വച്ച് തിളപ്പിക്കുക. ഇതിലേക്ക് **50 ml** പാൽ ചേർക്കുക.
- സിട്രിക് ആസിഡ്, പുതിനയില എന്നിവ ചേർത്ത് അടച്ച് വച്ച് തിളപ്പിക്കുക. ഒരു മിനിറ്റ് തിളപ്പിക്കുക.
- അടച്ചു വച്ച് **12** മണിക്കൂറിന് ശേഷം തുറന്നു തുണി ഉപയോഗിച്ച് അരിച്ചെടുക്കുക.
- ആവശ്യത്തിന് വെള്ളം കൂട്ടി എടുത്ത് ഉപയോഗിക്കുക.




ചെമ്പരത്തിപ്പൂ കരിക്ക് പായസം

ചേരുവകൾ

- **ചെമ്പരത്തിപ്പൂ - 20 എണ്ണം**
- **പഞ്ചസാര - ആവശ്യത്തിന്**
- **കരിക്ക് - രണ്ട് കരിക്കിന്റെ കാമ്പ്**
- **തേങ്ങാപ്പാല് - 2 തേങ്ങായുടെ [1,2 പാൽ]**
- **നെയ്യ് - 4 ടേബിൾസ്പൂൺ**
- **അണ്ടിപ്പരിപ്പ് - 50 gm**
- **മുന്തിരി - 50 gm**

പാകം ചെയ്യുന്ന രീതി

- ചെമ്പരത്തിപ്പൂവിന്റെ ഇതളുകൾ നെയ്യ് ചേർത്ത് വഴറ്റുക.
- ഇതിലേക്ക് രണ്ടാം പാൽ ചേര്ക്കുക.
- ചൂടായ ശേഷം പഞ്ചസാര ചേര്ക്കുക.
- പഞ്ചസാര ലയിച്ചശേഷം ഉടച്ച കരിക്കും ചേർത്ത് വേവിക്കുക.
- കുറുകി വരുമ്പോള് ഒന്നാം പാൽ ചേര്ക്കുക .
- അരിച്ചെടുക്കുക, വറുത്ത് വച്ചിരിക്കുന്ന ആണ്ടിപ്പറപ്പും മുന്തിരിയും ചേർത്തിളക്കി ഉപയോഗിക്കുക.



AKSHARA
News Media

അക്ഷര വാർത്തകൾ

പ്രവർത്തനങ്ങൾ

LOCKDOWN : റീഡിംഗ് ചലഞ്ച്



73മത് സ്വാതന്ത്ര്യ ദിനാഘോഷം





പൊതുകാര്യം

സെപ്റ്റംബർ 14
കേരളാ സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ 75 മത് പ്ലാറ്റിനം ജൂബിലി
സെപ്റ്റംബർ 15
അക്ഷര പബ്ലിക് ലൈബ്രറിയുടെ 8 മത് ജന്മദിനം

LOCKDOWN : ബ്രേക്ക് ദി ചെയ്ൻ ക്യാമ്പയിൻ







അതിഥി തൊഴിലാളികൾക്ക് ഒരു കൈത്താങ്ങ്

ഓർമ്മദിനം



ശ്രീ. ജോൺ പാറയിൽ 4 മത് ചരമദിനം 2016 സെപ്റ്റംബർ 10





അക്ഷര പബ്ലിക് ലൈബ്രറി കണിച്ചുകുളം

AVAIALABLE IN SOCIAL NETWORKS



